# 2025-ലെ സ്മരണദിന സമയന്വയന സമ്മേളനത്തിന്റെ
# പ്രധാന പ്രസ്താവനകൾ

വേദപുസ്തകം ഏറ്റവും നിർമലവും
ഏറ്റവും വിശുദ്ധവുമായ അർഥത്തിൽ
കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ ലക്ഷ്യമായ
ഒരു സാർവത്രിക ജോടിയുടെ—
മണവാളനായി ക്രിസ്തുവിലുള്ള ദൈവത്തിന്റെയും
മണവാട്ടിയായി ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിന്റെയും—
ഒരു പ്രണയമാണ്.

പ്രത്യുദ്ധാരത്തിലെ കർത്താവിന്റെ പ്രാഥമിക വേല
അവന്റെ മഹത്വപൂർണമായ മണവാട്ടിയായി നമ്മെ ഒരുക്കുവാനുള്ള
അവന്റെ നിർവ്യാജമായ വേലയാണ്;
എഫെസ്യർ 5:26-ൽ പറഞ്ഞിരിക്കുന്ന തുടർച്ചയായ,
സ്വഭാവപരമായ വിശുദ്ധീകരണം കൂടാതെ,
മണവാട്ടി ഒരുക്കപ്പെടുവാൻ ഒരു വഴിയുമില്ല,
തന്മൂലം, വെളിപ്പാട് 19:7-9 നിറവേറുവാൻ ഒരു വഴിയുമില്ല.

പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നതുപോലെ,
*പക്വത* എന്ന പദം വീണ്ടുംജനന സമയത്ത് വിശ്വാസികൾ
സ്വീകരിച്ച ക്രിസ്തുവിന്റെ ജീവനിൽ
പൂർണവളർച്ച പ്രാപിക്കുകയും തികഞ്ഞവരാക്കപ്പെടുകയും
ചെയ്യുന്നതിനെ പരാമർശിക്കുന്നു.

കർത്താവിന്റെ പ്രത്യുദ്ധാരം ക്രിസ്തുവിന്റെ മണവാട്ടിയുടെ
ഒരുക്കത്തിനു വേണ്ടിയാണ്; ആത്യന്തികമായി, നാം അത്ഭുതകരമായ
ശൂലേംകാരത്തിയായി അനുരൂപപെടും;
ശലോമോന്റെ പകർപ്പായ അവൾ ക്രിസ്തുവിന്റെ നേരിണയായ,
മണവാട്ടിയായ, പുതിയ യെരുശലേമിന്റെ
ഏറ്റവും വലുതും ആത്യന്തികവുമായ പ്രതീകമാണ്.

## സ്മരണദിന സമന്വയന സമ്മേളനത്തിനുള്ള
## ദൂതുകളുടെ രൂപരേഖ

**പൊതുവിഷയം:**
**മണവാട്ടിയുടെ ഒരുക്കം**

ദൂത് ഒന്ന്

### മണവാട്ടി—കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ ലക്ഷ്യം

തിരുവെഴുത്ത് വായന: വെളി. 19:7-9; യോഹ. 1:29; 3:29; ഉത്ത. 1:2-3; 8:14

**I. വേദപുസ്തകം ഏറ്റവും നിർമലവും ഏറ്റവും വിശുദ്ധവുമായ അർഥത്തിൽ കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ ലക്ഷ്യമായ ഒരു സാർവത്രിക ജോടിയുടെ—മണവാളനായി ക്രിസ്തുവിലുള്ള ദൈവത്തിന്റെയും മണവാട്ടിയായി ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിന്റെയും—ഒരു പ്രണയമാണ്—യോഹ. 3:29; മത്താ. 25:6; വെളി. 19:7; 21:2; 22:17:**

A. നൂറ്റാണ്ടുകളിലുടനീളം ദൈവത്തിന് മനുഷ്യനുമായി ഒരു പ്രണയം ഉണ്ടായിരുന്നു; ഒരു നേരിണ ഉണ്ടായിരിക്കുക എന്ന ലക്ഷ്യത്തോടെ അവൻ മനുഷ്യനെ സൃഷ്ടിച്ചു—ഉല്പ. 1:26.

B. ദൈവം ഒരു കാമുകനാണ്, അവൻ മനുഷ്യനെ ഒരു കാമുകിയായി അവന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു; ഇതർഥമാക്കുന്നത് നാം അവനെ സ്നേഹിക്കുന്നതിനായി അവൻ നമ്മെ സൃഷ്ടിച്ചു എന്നാണ്—മർക്കൊ. 12:30; എഫെ. 3:14-19.

C. മുഴുവൻ വേദപുസ്തകവും ഒരു ദിവ്യ പ്രണയമാണ്, ഉത്തമഗീതം ഈ പ്രണയത്തിന്റെ ഒരു സംക്ഷിപ്ത രൂപമാണ്—1:2-3; 8:14:

1. വേദപുസ്തകം ഒരു പ്രണയാത്മക പുസ്തകമാണ്, കർത്താവുമായുള്ള നമ്മുടെ ബന്ധം കൂടുതൽ കൂടുതൽ പ്രണയാത്മകമായിരിക്കണം.
2. നമുക്കും കർത്താവായ യേശുക്രിസ്തുവിനും ഇടയിൽ പ്രണയമില്ലെങ്കിൽ, നാം മതപരമായ ക്രിസ്ത്യാനികളാണ്, പ്രണയാത്മക ക്രിസ്ത്യാനികളല്ല—ഉത്തമ. 1:2-3.
3. *പ്രണയം* എന്നത് ദിവ്യ വിവാഹാഭ്യർഥനയുടെ ഒരു പദമാണ്; ദൈവം നമ്മുടെ സ്നേഹം അന്വേഷിക്കുന്നുവെന്ന് വേദപുസ്തകത്തിൽ നാം കാണുന്നു—2 കൊരി. 11:2.
4. ഉത്തമഗീതം ഒരു പ്രണയത്തേക്കാൾ അധികമാണ്; അതൊരു അത്യുത്തമമായ പ്രണയമാണ്.

D. നാം സ്നേഹിക്കുന്നതിന്മേൽ നമ്മുടെ മുഴുവൻ ഹൃദയം, നമ്മുടെ മുഴുവൻ ആളത്തംപോലും ഉറപ്പിക്കുകയും വ്യാപൃതമാക്കുകയും അതിനാൽ കൈവശമാക്കപ്പെടുകയും ചെയ്യുന്നു—1 തിമൊ. 6:10-11; 2 തിമൊ. 3:2-4; 4:8, 10; തീത്തൊ. 1:8:

1. "ദൈവത്തെ സ്നേഹിക്കുകയെന്നാൽ നമ്മുടെ മുഴുവൻ ആളത്തത്തെ—ആത്മാവിനെയും, ദേഹിയെയും, ദേഹത്തെയും (മർക്കൊ. 12:30) ഹൃദയത്തോടും, ദേഹിയോടും, മനസ്സിനോടും, ശക്തിയോടുംകൂടെ—സമ്പൂർണമായി അവനിൽ ഉറപ്പിക്കുക, അതായത്, നമ്മുടെ മുഴുവൻ ആളത്തവും അവനാൽ സ്വായത്തമാക്കപ്പെടുവാനും അവനിൽ വ്യാപൃതമാകുവാനും അനുവദിക്കുക എന്നാണ്" (1 കൊരി. 2:9-ലെ അടിക്കുറിപ്പ് 1).
2. കർത്താവായ യേശുവിനെ സ്നേഹിക്കുകയെന്നാൽ അവനെ വിലമതിക്കുകയും, അവനിലേക്ക് നമ്മുടെ ആളത്തത്തെ നയിക്കുകയും, അവന് തുറക്കുകയും, അവനെ ആസ്വദിക്കുകയും, അവന് ഒന്നാം സ്ഥാനം നൽകുകയും, അവനോട് ഒന്നായിരിക്കുകയും, അവനെ ജീവിക്കുകയും, അവനായിത്തീരുകയും ചെയ്യുന്നതാണ്—മത്താ. 26:6-13; 2 കൊരി. 3:16; മർക്കൊ. 12:30; കൊലൊ. 1:18; 1 കൊരി. 6:17; ഫിലി. 1:20-21; ഗീതങ്ങൾ, #477, ഖണ്ഡിക 2.

**II. വെളിപ്പാട് 19:7-9 ക്രിസ്തുവിനെ മണവാളനായി അനാവരണം ചെയ്യുന്നു:**

A. കുഞ്ഞാടിന്റെ വിവാഹം ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ പൂർത്തീകരണത്തിന്റെ ഫലമാണ്; അത് അവന്റെ നൈതിക വീണ്ടെടുപ്പിലൂടെയും തന്റെ ദിവ്യജീവനിലുള്ള അവന്റെ ജൈവിക രക്ഷയിലൂടെയും ക്രിസ്തുവിന് ഒരു മണവാട്ടിയായ സഭയെ നേടുക എന്നതാണ്—ഉല്പ. 2:22; റോമ. 5:10; വെളി. 19:7-9; 21:2, 9-11.

B. വെളിപ്പാട് 19-ലെ ക്രിസ്തുവിന്റെ മണവാട്ടി എല്ലാ ജയാളികളും ചേരുന്നതാണ്—വാ. 7-9; പ്ര.നി. ഉല്പ. 2:22; മത്താ. 16:18.

C. എല്ലാ ജയാളികളും ആയിരം വർഷത്തേക്ക് അതിന്റെ പ്രാരംഭവും പുതുമയുള്ളതുമായ ഘട്ടത്തിൽ ക്രിസ്തുവിന്റെ മണവാട്ടിയായ പുതിയ യെരൂശലേം ആയിരിക്കും—വെളി. 19:7.

D. ഒടുവിൽ, എല്ലാ വിശ്വാസികളും നിത്യതയോളം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ക്രിസ്തുവിന്റെ ഭാര്യയായി പുതിയ യെരൂശലേമിനെ പരിണതിപ്രാപിക്കുവാനും പൂർത്തിയാക്കുവാനും ജയാളികളോടുകൂടെ ചേരും—21:2, 9-11.

**III. കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ ലക്ഷ്യം മണവാട്ടിയാണ് —19:7-9:**

A. "കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ"—വാ. 7:

1. തന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽ യോഹന്നാൻ കുഞ്ഞാടിനെയും

മണവാളനെയുംകുറിച്ച് സംസാരിക്കുകയും, വെളിപ്പാടിൽ കുഞ്ഞാടിന്റെ വിവാഹം വന്നിരിക്കുന്നുവെന്ന് പറയുകയും ചെയ്യുന്നു—യോഹ. 1:29; 3:29.

2. ഭൂരിപക്ഷം വിശുദ്ധന്മാരുടെ ഉൽപ്രാപണത്തിനും (വെളി. 14:16; 1 തെസ്സ. 4:15-16) പ്രതിഫലം നൽകുന്നതിനായുള്ള ക്രിസ്തുവിന്റെ ന്യായാസനത്തിലെ ന്യായവിധിക്കുംശേഷം (വെളി. 11:18; 2 കൊരി. 5:10), തൊട്ടുപിന്നാലെ നടക്കുന്ന സംഭവങ്ങളിൽ കുഞ്ഞാടിന്റെ വിവാഹം ഉൾപ്പെടണം (വെളി. 19:7):
   a. ക്രിസ്തുവിന്റെ ന്യായാസനത്തിൽ നമുക്ക് പ്രതിഫലം ലഭിക്കുകയാണെങ്കിൽ, നാം വിവാഹവിരുന്നിൽ പങ്കെടുക്കും.
   b. നമുക്ക് പ്രതിഫലം ലഭിക്കാതെ കർത്താവിനാൽ അംഗീകരിക്കപ്പെടാതിരിക്കുന്നുവെങ്കിൽ, നാം നശിച്ചുപോകയില്ലെങ്കിലും, 1 കൊരിന്ത്യർ 3:15-ൽ വിവരിച്ചിരിക്കുന്നതുപോലെയുള്ള ഒരു നഷ്ടം സഹിക്കും.

B. "അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു"—വെളി. 19:7:

1. *അവന്റെ കാന്ത* സഭയെ (എഫെ. 5:24-25, 31-32), ക്രിസ്തുവിന്റെ മണവാട്ടിയെ (യോഹ. 3:29) പരാമർശിക്കുന്നു.
2. വെളിപ്പാട് 19:8-9 അനുസരിച്ച്, ക്രിസ്തുവിന്റെ മണവാട്ടിയായ കാന്ത, സഹസ്രാബ്ദകാലത്ത് ജയാളികളായ വിശ്വാസികൾ മാത്രം അടങ്ങുന്നതാണ്; അതേസമയം 21:2-ലെ മണവാട്ടിയായ കാന്ത, സഹസ്രാബ്ദത്തിനുശേഷം നിത്യതയോളം, രക്ഷിക്കപ്പെട്ട എല്ലാ വിശുദ്ധന്മാരും ചേരുന്നതാണ്
3. മണവാട്ടിയുടെ ഒരുക്കം ജയാളികളുടെ ജീവനിലുള്ള പക്വതയെ ആശ്രയിച്ചിരിക്കുന്നു—19:7; എബ്രാ. 6:1; ഫിലി. 3:12-15; എഫെ. 4:13.
4. സ്വർണമായ പിതാവായ ദൈവത്തോടും, മുത്തായ പുത്രനായ ദൈവത്തോടും, വിലയേറിയ കല്ലുകളായ ആത്മാവായ ദൈവത്തോടുംകൂടിയ ക്രിസ്തുവിന്റെ മണവാട്ടിയായി പുതിയ യെരൂശലേമിനെ നാം അലങ്കരിക്കുകയും പരിണിതമാക്കുകയും വേണം—വെളി. 21:2, 19; 1 കൊരി. 3:12; ഉത്തമ. 1:10-11.
5. ജയാളികൾ വേറിട്ട വ്യക്തികളല്ല, മറിച്ച് ഒരു സംഘാത മണവാട്ടിയാണ്.
6. ജയാളികൾ ജീവനിൽ പക്വതപ്രാപിച്ചവർ മാത്രമല്ല, ഏക മണവാട്ടിയായി പണിയപ്പെട്ടവരുമാണ്.

C. "അവൾക്ക് ധരിക്കേണ്ടതിന് ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽവസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽവസ്ത്രം വിശുദ്ധന്മാരുടെ നീതികളാകുന്നു"—വെളി. 19:8:

1. *വെടിപ്പ്* പ്രകൃതത്തെ സൂചിപ്പിക്കുന്നു, *ശുഭ്രം* ആവിഷ്കാരത്തെ സൂചിപ്പിക്കുന്നു.
2. "നീതികൾ" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദത്തെ "നീതിപ്രവൃത്തികൾ" എന്നും വിവർത്തനം ചെയ്യാവുന്നതാണ്.
3. നീതികൾ എന്നത് നമ്മുടെ രക്ഷയ്ക്കായി നാം സ്വീകരിച്ച നീതിയെയല്ല പരാമർശിക്കുന്നത്—1 കൊരി. 1:30.
4. നമ്മുടെ രക്ഷയ്ക്കായി നാം സ്വീകരിച്ച നീതി വസ്തുനിഷ്ഠമാണ്, നീതിമാനായ ദൈവത്തിന്റെ ആവശ്യകത നിറവേറ്റുവാൻ അത് നമ്മെ പ്രാപ്തരാക്കുന്നു; അതേസമയം വെളിപ്പാട് 19:8-ൽ ജയാളികളായ വിശുദ്ധന്മാരുടെ നീതികൾ വ്യക്തിനിഷ്ഠമാണ് (ഫിലി. 3:9); അത് ജയാളിയായ ക്രിസ്തുവിന്റെ ആവശ്യകത നിറവേറ്റുവാൻ അവരെ പ്രാപ്തരാക്കുന്നു.
5. അങ്ങനെ, നേരിയ ചണനൂൽവസ്ത്രം നമ്മുടെ ജയിക്കുന്ന ജീവനെ, നമ്മുടെ ജയിക്കുന്ന ജീവിതത്തെ, സൂചിപ്പിക്കുന്നു; അത് നമ്മുടെ ആളത്തത്തിൽനിന്ന് നാം ജീവിച്ചു വെളിപ്പെടുത്തുന്ന ക്രിസ്തുവാണ്.

D. "കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു... ഇത് ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു"—വെളി. 19:9:

1. കുഞ്ഞാടിന്റെ വിവാഹ അത്താഴം, ജയാളികളായ വിശ്വാസികൾക്കുള്ള പ്രതിഫലമായ ആയിരം വർഷത്തെ രാജ്യമായ വിവാഹവിരുന്നാണ്, അത് ദൈവത്തിന്റെ ദൃഷ്ടിയിൽ ഒരു ദിവസമാണ്—വാ. 9; മത്താ. 22:2, 11-14; 2 പത്രൊ. 3:8.
2. ജയാളികളായ വിശ്വാസികളെ സഹസ്രാബ്ദത്തിന്റെ ആസ്വാദനത്തിലേക്ക് ആനയിക്കുന്ന ക്രിസ്തുവിന്റെ വിവാഹ അത്താഴത്തിന് വിളിക്കപ്പെടുന്നത് അനുഗ്രഹിക്കപ്പെടുന്നതാണ്—വെളി. 19:9.
3. വെളിപ്പാട് 19:9-ലെ കുഞ്ഞാടിന്റെ വിവാഹ അത്താഴം മത്തായി 22:2-ലെ വിവാഹവിരുന്നാണ്; അത് ജയാളികളായ വിശ്വാസികൾക്കുള്ള ഒരു പ്രതിഫലമായിരിക്കും:
   a. വിളിക്കപ്പെടുന്നത് രക്ഷ പ്രാപിക്കുന്നതാണ് (റോമ. 1:7; 1 കൊരി. 1:2; എഫെ. 4:1), അതേസമയം തിരഞ്ഞെടുക്കപ്പെടുന്നത് ഒരു പ്രതിഫലം സ്വീകരിക്കുന്നതാണ്.
   b. ജയാളികൾ മാത്രമേ അവർക്കുള്ള പ്രതിഫലമായി വിവാഹ അത്താഴത്തിന് വിളിക്കപ്പെടുകയുള്ളൂ; രക്ഷിക്കപ്പെട്ട എല്ലാവരും അതിൽ പങ്കെടുക്കുകയില്ല.
   c. കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിന് വിളിക്കപ്പെടുന്ന ജയാളികളായ വിശ്വാസികൾ കുഞ്ഞാടിന്റെ മണവാട്ടിയുമായിരിക്കും—വെളി. 19:8-9.

ദൂത് രണ്ട്

## മണവാട്ടിയുടെ കെട്ടുപണി

തിരുവെഴുത്ത് വായന: ഉല്പ. 1:26; 2:7-10, 18-25; വെളി. 19:7-9; 21:9-11

**I. മുഴുവൻ വേദപുസ്തകത്തിലുമുള്ള കേന്ദ്രീയ വിഷയം ദൈവത്തിന്റെ കെട്ടിടമാണ്. ക്രിസ്തുവിന്റെ മണവാട്ടി ത്രിയേകദൈവത്തിന്റെ കെട്ടിടമാണ്—"യഹോവയായ ദൈവം മനുഷ്യനിൽനിന്ന് എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു"—ഉല്പ. 2:22:**

A. മുഴുവൻ വേദപുസ്തകത്തെയും ഒരു കെട്ടിട സഹായപുസ്തകത്തോട് ഉപമിക്കാം; വിശുദ്ധ തിരുവെഴുത്തുകളിലെ ദിവ്യ വെളിപാടിന്റെ ആരംഭമെന്ന നിലയിൽ ഏദെൻ തോട്ടത്തെ സംബന്ധിച്ച വെളിപാടും, വിശുദ്ധ തിരുവെഴുത്തുകളിലെ ദിവ്യ വെളിപാടിന്റെ അവസാനമെന്ന നിലയിൽ പുതിയ യെരൂശലേമിനെ സംബന്ധിച്ച വെളിപാടും പരസ്പരം പ്രതിഫലിപ്പിക്കുന്നു.

B. തിരുവെഴുത്തുകളുടെ ഈ രണ്ട് ഭാഗങ്ങളിലും വെളിപ്പെടുത്തിയിരിക്കുന്നത് ദൈവത്തിന്റെ കേന്ദ്രചിന്തയും, ദിവ്യ വെളിപാടിന്റെ കേന്ദ്രരേഖയും, വിശുദ്ധ തിരുവെഴുത്തുകളെ വ്യാഖ്യാനിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നതിന്റെ നിയന്ത്രണ തത്ത്വവുമാണ്:

1. ദൈവത്തിന്റെ ദിവ്യ കെട്ടിടം ഉണ്ടായിരിക്കുന്നതിനുള്ള അവന്റെ ജൈവിക ശില്പകലയെ സംബന്ധിച്ച പദ്ധതിയുടെ രേഖാചിത്രമാണ് ഉല്പത്തി 1-ഉം 2-ഉം (എബ്രാ. 11:10); നമ്മുടെ മുഴുവൻ ആളത്തവും ക്രിസ്തുവിനാൽ പുനഃസംരചിക്കപ്പെടത്തക്കവണ്ണം ക്രിസ്തുവിനെ നമ്മുടെ അന്തസ്ഥിത സംരചനയായി പണിയുക എന്നതാണ് ദൈവത്തിന്റെ ആഗ്രഹം; ഈ വിധത്തിൽ ദൈവത്തിന് തന്റെ സ്വരൂപത്തിൽ അവനെ ആവിഷ്കരിക്കുവാനും തന്റെ അധികാരത്തോടുകൂടെ അവനെ പ്രതിനിധീകരിക്കുവാനും ദൈവം ഒരു സംഘാത മനുഷ്യനെ നേടും (ഉല്പ. 1:26; 1 കൊരി. 3:9; മത്താ. 16:18; 2 ശമൂ. 7:12-14).

2. വെളിപ്പാട് 21-ഉം 22-ഉം പൂർത്തിയായ കെട്ടിടത്തിന്റെ, ത്രിയേകദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിന്റെ, ഫോട്ടോയാണ്; പുതിയ യെരൂശലേം ഏദെൻ തോട്ടത്തെ സംബന്ധിച്ച ദിവ്യ വെളിപാടിന്റെ പ്രതിഫലനവും നിറവേറലുമാണ്.

3. ജയാളികളുടെ ആകത്തുകയായ തന്റെ മണവാട്ടിയെ വിവാഹം കഴിക്കുവാൻ ക്രിസ്തു മണവാളനായി മടങ്ങിവരും; ഈ യുഗത്തിൽ ജയാളികളാലുള്ള ഈ കെട്ടുപണി രാജ്യയുഗത്തിൽ പുതിയ യെരൂശലേമിന്റെ പ്രാരംഭ പരിണതിക്കുവേണ്ടിയും (19:7-9) ഒടുവിൽ പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും പുതിയ യെരൂശലേമിന്റെ പൂർണ പരിണതിക്കുവേണ്ടിയും ആണ് (21:2).

4. എല്ലാ നൂറ്റാണ്ടുകളിലൂടെയും പരിശുദ്ധാത്മാവിന്റെ തുടർച്ചയായ പ്രവർത്തനത്തിലൂടെ, ഈ യുഗത്തിന്റെ അവസാനത്തിൽ ഈ ലക്ഷ്യം കൈവരിക്കപ്പെടും; അപ്പോൾ ജയാളികളായ വിശ്വാസികളായ മണവാട്ടി ഒരുക്കപ്പെടുകയും, ദൈവരാജ്യം വരുകയും ചെയ്യും—മത്താ. 26:29; 13:43.

5. സംഘാത മണവാട്ടിയായ പുതിയ യെരൂശലേം, ദൈവോദ്ദേശ്യത്തിന്റെ രണ്ടു വശങ്ങൾ നിറവേറ്റും (ഉല്പ. 1:26); ഒന്നാമത്, പുതിയ യെരൂശലേം ദൈവത്തിന്റെ മഹത്വത്തിനായി ദൈവത്തിന്റെ പൂർണ സ്വരൂപത്തിൽ അവന്റെ പൂർണ ആവിഷ്കാരമായിരിക്കും (വെളി. 21:11; cf. 4:3); രണ്ടാമത്, ഈ പുതിയ യെരൂശലേം ശത്രുവിനെ കീഴ്പെടുത്തുകയും, ഭൂമിയെ കീഴടക്കുകയും, മുഴുവൻ പ്രപഞ്ചത്തിന്മേലും ദൈവത്തിന്റെ ആധിപത്യത്തോടുകൂടെ അവന്റെ അധികാരം പ്രയോഗിക്കുകയും ചെയ്യും (ഉല്പ. 1:26; വെളി. 22:5; പ്ര.നി. 20:10, 14-15).

C. ദൈവത്തിന്റെ ജനമായ നാം ദൈവവുമായി ഒരു സ്നേഹബന്ധത്തിലേക്ക് പ്രവേശിക്കുമ്പോൾ, ഹവ്വാ ആദാമിന്റെ ജീവൻ സ്വീകരിച്ചതുപോലെ, നാം ദൈവത്തിന്റെ ജീവൻ സ്വീകരിക്കുന്നു; ഈ ജീവനാണ് നാം ദൈവവുമായി ഒന്നായിത്തീരുവാനും അവൻ നാമുമായി ഒന്നാകുവാനും നമ്മെ പ്രാപ്തരാക്കുന്നത്—ഉല്പ. 2:21-22.

**II. ദൈവവും അവന്റെ ജനവും ഒന്നാകുന്നതിന്, അവർക്കിടയിൽ ഒരു പരസ്പര സ്നേഹം ഉണ്ടായിരിക്കണം; വേദപുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ദൈവവും അവന്റെ ജനവും തമ്മിലുള്ള സ്നേഹം പ്രാഥമികമായി ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലുള്ള വാത്സല്യ സ്നേഹം പോലെയാണ് വർണിച്ചിരിക്കുന്നത്—യോഹ. 14:21, 23; യിരെ. 2:2; 31:3:**

A. ദൈവത്തിന്റെ ജനം ദൈവത്തെ സ്നേഹിക്കുകയും അവന്റെ വചനത്തിൽ അവനുമായി കൂട്ടായ്മ ആചരിക്കുവാൻ സമയം ചെലവഴിക്കുകയും ചെയ്യുമ്പോൾ, അവരെ ജീവനിലും, പ്രകൃതത്തിലും, ആവിഷ്കാരത്തിലും തന്നെപ്പോലെ തന്നെയായ അവന്റെ ജീവിത പങ്കാളിയെന്ന നിലയിൽ അവരെ തന്നോട് ഒന്നാക്കിക്കൊണ്ട് തന്റെ ദിവ്യമൂലകംകൊണ്ട് ദൈവം അവരെ സന്നിവേശിപ്പിക്കുന്നു—സങ്കീ. 119:140, 15-16.

B. ദൈവം ആദ്യം നമ്മെ സ്നേഹിച്ചുകൊണ്ട് തന്റെ സ്നേഹത്താൽ നമ്മെ സന്നിവേശിപ്പിക്കുകയും, നാം അവനെയും സഹോദരന്മാരെയും സ്നേഹിക്കുന്ന സ്നേഹം നമ്മിൽ ഉളവാക്കുകയും ചെയ്യു—1 യോഹ. 4:19-21.

C. ദൈവത്തിൽനിന്നും നാം സ്വീകരിച്ച ജീവൻ സ്നേഹത്തിന്റെ ജീവനാണ്; ക്രിസ്തു ഈ ലോകത്തിൽ

സ്നേഹമായി ദൈവത്തിന്റെ ജീവനെ ജീവിച്ചു, നാം ഈ ലോകത്തിൽ സ്നേഹത്തിന്റെ അതേ ജീവനെ ജീവിക്കുകയും അവൻ ആയിരിക്കുന്നതുപോലെ തന്നെ ആയിരിക്കുകയും ചെയ്യത്തക്കവണ്ണം അവൻ ഇപ്പോൾ നമ്മുടെ ജീവനാണ്—3:14; 5:1; 2:5-6; 4:17.

D. നമ്മുടെ സ്വാഭാവിക സ്നേഹം ക്രൂശിൽ വയ്ക്കപ്പെടണം; ദൈവത്തിന്റെ സ്നേഹത്തിനും നമ്മുടെ സ്വാഭാവിക സ്നേഹത്തിനും തമ്മിലുള്ള ഒരു വ്യത്യാസം, നമ്മുടെ സ്വാഭാവിക സ്നേഹം വ്രണപ്പെടാൻ വളരെ എളുപ്പമാകുന്നു എന്നതാണ്.

E. ക്രിസ്തുവിന്റെ സ്നേഹത്താൽ നാം നിറഞ്ഞുകവിഞ്ഞവരും അതിനാൽ വഹിച്ചുകൊണ്ടുപോകപ്പെടുന്നവരും ആയിരിക്കണം; നമ്മുടെ സ്വന്തം നിയന്ത്രണത്തിനപ്പുറം അവന് ജീവിക്കുവാൻ നമ്മെ നിർബന്ധിച്ചുകൊണ്ട് ദിവ്യസ്നേഹം നമ്മിലേക്ക് ഇരച്ചൊഴുകുന്ന വലിയ വെള്ളത്തിന്റെ വേലിയേറ്റം പോലെയായിരിക്കണം—2 കൊരി. 5:14.

F. സഹോദര സ്നേഹത്തെക്കുറിച്ചുള്ള കല്പന പഴയതും പുതിയതുമാണ്: തങ്ങളുടെ ക്രിസ്തീയ ജീവിതത്തിന്റെ ആരംഭം മുതൽ അത് വിശ്വാസികൾക്ക് ഉണ്ടായിരുന്നതുകൊണ്ട് അത് പഴയതാണ്; തങ്ങളുടെ ക്രിസ്തീയ നടപ്പിൽ അത് പുതിയ വെളിച്ചത്തോടെ ഉദിക്കുകയും പുതിയ പ്രകാശനത്തോടും പുതുമയുള്ള ശക്തിയോടുംകൂടെ വീണ്ടും വീണ്ടും പ്രകാശിക്കുകയും ചെയ്യുന്നതുകൊണ്ട് പുതിയതും ആണ്—1 യോഹ. 2:7-8; 3:11, 23; പ്ര.നി. യോഹ. 13:34.

G. ക്രിസ്തുവിന്റെ മണവാട്ടിയായിത്തീരുവാൻ ശരീരം സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണി ചെയ്യുന്നു (എഫെ. 4:16); നമ്മുടെ ദൈവം-നൽകിയ, വീണ്ടുംജനിച്ച ആത്മാവ് സ്നേഹത്തിന്റെ ആത്മാവാണ്; ഇന്നത്തെ സഭയുടെ അധഃപതനത്തെ പിടിച്ചടക്കുവാൻ നമുക്ക് സ്നേഹത്തിന്റെ ജ്വലിക്കുന്ന ആത്മാവ് ആവശ്യമാണ് (2 തിമൊ. 1:7).

H. "അറിവ് ചീർപ്പിക്കുന്നു, എന്നാൽ സ്നേഹം കെട്ടുപണി ചെയ്യുന്നു" (1 കൊരി. 8:1; പ്ര.നി. 2 കൊരി. 3:6); അന്യോന്യം സ്നേഹിക്കുന്നത് നാം ക്രിസ്തുവിനുള്ളവരാണെന്നതിന്റെ ഒരു അടയാളമാണ് (യോഹ. 13:34-35); സഭയിൽ ഒന്നാമനാകുവാൻ ഇഷ്ടപ്പെടുന്നത് എല്ലാ സഹോദരന്മാരെയും സ്നേഹിക്കുന്നതിനെതിരാണ് (3 യോഹ. 9).

I. നമുക്ക് ദിവ്യജീവൻ ഉണ്ടായിരിക്കേണ്ടതിന് കർത്താവായ യേശു തന്റെ ദേഹി-ജീവനെ വച്ചുകൊടുത്തതുപോലെ, സഹോദരന്മാരെ സ്നേഹിക്കുവാനും ക്രിസ്തുവിന്റെ മണവാട്ടിയുടെ ഒരുക്കത്തിനുവേണ്ടി ശരീരജീവിതത്തിന്റെ അനുഷ്ഠാനത്തിൽ അവരിലേക്ക് ജീവൻ ശുശ്രൂഷിക്കുവാനുമായി നമ്മുടെ ദേഹി-ജീവനെ നാം നഷ്ടപ്പെടുത്തുകയും സ്വയത്തെ ത്യജിക്കുകയും വേണം—1 യോഹ. 3:16; 4:17, അടിക്കുറിപ്പ് 5; യോഹ. 10:11, 17-18; 15:13; എഫെ. 4:29—5:2; 2 കൊരി. 12:15; റോമ. 12:9-13.

J. ക്രിസ്തുവിന്റെ ജൈവിക ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടി നാം എന്തെങ്കിലും ആയിരിക്കുന്നതിനും എന്തെങ്കിലും ചെയ്യുന്നതിനുമുള്ള ഏറ്റവും ഉൽകൃഷ്ടമായ മാർഗം സ്നേഹമാണ്—1 കൊരി. 12:31—13:8.

**III. തനിക്കായിത്തന്നെ ഒരു നേരിണയെ ഉളവാക്കുന്നതിനായി ദൈവം എന്ത് ചെയ്യുവെന്ന് നാം കാണേണ്ടതാവശ്യമാണ്; ആദാമിന്റെയും ഹവ്വയുടെയും മുൻകുറികളിൽ ക്രിസ്തുവിന്റെയും അവന്റെ മണവാട്ടിയുടെയും ഒരു ചിത്രം ഉല്പത്തി 2 വെളിപ്പെടുത്തുന്നു:**

A. തനിക്കായിത്തന്നെ ഒരു ഭാര്യയെ അന്വേഷിക്കുന്ന യഥാർഥ, സാർവത്രിക ഭർത്താവായ ക്രിസ്തുവിലുള്ള ദൈവത്തെ ആദാം മുൻകുറിക്കുന്നു—റോമ. 5:14; പ്ര.നി. യോഹ. 3:29; 2 കൊരി. 11:2; എഫെ. 5:31-32; വെളി. 19:7-9; 21:9-11.

B. "അനന്തരം യഹോവയായ ദൈവം: മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; ഞാൻ അവന് തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും"—ഉല്പ. 2:18:

1. ഒരു ഭാര്യയ്ക്കുവേണ്ടിയുള്ള ആദാമിന്റെ ആവശ്യം, തന്റെ വ്യവസ്ഥയിൽ തന്റെ നേരിണയായി, തന്റെ തുണയായി (അക്ഷരാർഥത്തിൽ അവന്റെ സമാന്തരം) ഒരു ഭാര്യ ഉണ്ടായിരിക്കുവാനുള്ള ദൈവത്തിന്റെ ആവശ്യത്തെ മുൻകുറിക്കുകയും ചിത്രീകരിക്കുകയും ചെയ്യുന്നു; ദൈവമായ ക്രിസ്തു പൂർണമായും നിത്യമായും തികഞ്ഞവനാണെങ്കിലും, അവന്റെ ഭാര്യയായി സഭയില്ലാതെ അവൻ പൂർണനല്ല.

2. ക്രിസ്തുവിനെ മുൻകുറിക്കുന്ന ആദാമും സഭയെ മുൻകുറിക്കുന്ന ഹവ്വയും ഉണ്ടായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു; "അവർ വാഴട്ടെ" എന്നതാണ് അവന്റെ ഉദ്ദേശ്യം (1:26); അത് ജയശാലിയായ ക്രിസ്തുവും ജയശാലിയായ സഭയും, പിശാചിന്റെ പ്രവൃത്തിയെ ജയിച്ചവനായ ക്രിസ്തുവും പിശാചിന്റെ പ്രവൃത്തിയെ മറിച്ചുകളഞ്ഞതായ സഭയും, ഉണ്ടായിരിക്കുന്നതാണ്; ക്രിസ്തുവിനും സഭയ്ക്കും ആധിപത്യം ഉണ്ടായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു (റോമ. 5:17; 16:20; എഫെ. 1:22-23).

C. ദൈവം ഭൂമിയിലെ സകല മൃഗങ്ങളെയും ആകാശത്തിലെ എല്ലാ പറവകളെയും നിലത്തുനിന്ന് നിർമിച്ചിട്ട് അവയെ ആദാമിന്റെ അടുക്കൽ കൊണ്ടുവന്നു, "മനുഷ്യൻ എല്ലാ കന്നുകാലികൾക്കും ആകാശത്തിലെ പറവകൾക്കും എല്ലാ കാട്ടുമൃഗങ്ങൾക്കും പേരിട്ടു, എങ്കിലും ആദാമിന് തക്കതായ ഒരു തുണ കണ്ടുകിട്ടിയില്ല"—ഉല്പ. 2:19-20.

D. ഭാര്യ ജീവനിലും, പ്രകൃതത്തിലും, ആവിഷ്കാരത്തിലും ഭർത്താവിനെപ്പോലെയായിരിക്കണം;

കന്നുകാലികളുടെയും, പറവകളുടെയും, മൃഗങ്ങളുടെയും ഇടയിൽ തനിക്കായിത്തന്നെ ഒരു പരിപൂരകത്തെ, അവനോടു പൊരുത്തപ്പെടുന്ന ഒന്നിനെ, ആദാം കണ്ടെത്തിയില്ല—വാ. 23.

E. തനിക്കായിത്തന്നെ ഒരു പരിപൂരകത്തെ ഉളവാക്കുന്നതിനായി, ദൈവം ആദ്യം ആദാം എന്ന ദൈവത്തിന്റെ സൃഷ്ടിയാൽ മുൻകുറിക്കപ്പെടുന്ന ഒരു മനുഷ്യനായിത്തീർന്നു—യോഹ. 1:14; റോമ. 5:14.

F. "യഹോവയായ ദൈവം മനുഷ്യന് ഒരു ഗാഢനിദ്ര വരുത്തി; അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്ന് എടുത്ത് അതിന് പകരം മാംസം പിടിപ്പിച്ചു"—ഉല്പ. 2:21:

1. തന്റെ ഭാര്യയായി ഹവ്വയെ ഉളവാക്കുന്നതിനായുള്ള ആദാമിന്റെ ഗാഢനിദ്ര, തന്റെ നേരിണയായി സഭയെ ഉളവാക്കുന്നതിനുവേണ്ടിയുള്ള ക്രിസ്തുവിന്റെ ക്രൂശിലെ മരണത്തെ മുൻകുറിക്കുന്നു—എഫെ. 5:25-27.
2. വേദപുസ്തകത്തിൽ, ഉറക്കമെന്നാൽ മരണമാണ്—1 കൊരി. 15:18; 1 തെസ്സ. 4:13-16; യോഹ. 11:11-14.
3. ക്രിസ്തുവിന്റെ മരണം ജീവൻ-വിടുവിക്കുന്നതും, ജീവൻ-പകരുന്നതും, ജീവൻ-പ്രചരിപ്പിക്കുന്നതും, ജീവൻ-പെരുക്കുന്നതും, ജീവൻ-പുനരുല്പാദിപ്പിക്കുന്നതുമായ മരണമാണ്; അത് സഭയാകുന്ന ശരീരമായ അപ്പം (1 കൊരി. 10:17) ഉണ്ടാക്കുന്നതിനുവേണ്ടി അനേകം മണികളെ ഉളവാക്കുന്നതിനായി ചാകുവാൻ നിലത്ത് വീഴുകയും വളരുകയും ചെയ്യുന്ന ഗോതമ്പുമണിയാൽ സൂചിപ്പിക്കപ്പെടുന്നു (12:24)
4. ക്രിസ്തുവിന്റെ മരണത്തിലൂടെ അവന്റെ ഉള്ളിലുള്ള ദിവ്യജീവൻ വിടുവിക്കപ്പെടുകയും, അവന്റെ പുനരുത്ഥാനത്തിലൂടെ അവന്റെ വിടുവിക്കപ്പെട്ട ദിവ്യജീവൻ സഭയുടെ രൂപീകരണത്തിനുവേണ്ടി തന്റെ വിശ്വാസികളിലേക്ക് പകരപ്പെടുകയും ചെയ്തു—ലൂക്കൊ. 12:49-50; പ്ര.നി. റോമ. 12:11; വെളി. 4:5.
5. മനുഷ്യന് ദൈവത്തിന്റെ നേരിണയായി അവനോട് പൊരുത്തപ്പെടുവാൻ കഴിയേണ്ടതിന് ജീവനിലും പ്രകൃതത്തിലും ദൈവത്തെപ്പോലെയാകുവാൻ കഴിയത്തക്കവണ്ണം ഇങ്ങനെയുള്ള ഒരു പ്രക്രിയയിലൂടെ തന്റെ ജീവനോടും പ്രകൃതത്തോടുംകൂടെ ദൈവം ക്രിസ്തുവിൽ മനുഷ്യനിലേക്ക് പണിതുചേർക്കപ്പെട്ടിരിക്കുന്നു.

G. "യഹോവയായ ദൈവം മനുഷ്യനിൽനിന്ന് എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു"—ഉല്പ. 2:22:

1. തന്റെ നേരിണയായ സഭയെ ഉളവാക്കുന്നതിനും കെട്ടുപണി ചെയ്യുന്നതിനുംവേണ്ടി തന്റെ വിശ്വാസികളിലേക്ക് ജീവൻ പകരുവാൻ തന്റെ തുളയ്ക്കപ്പെട്ട പാർശ്വത്തിൽനിന്ന് ഒഴുകിയ (യോഹ. 19:34) ക്രിസ്തുവിന്റെ ഒടിക്കാനാകാത്തതും നശിപ്പിക്കാനാകാത്തതുമായ നിത്യജീവനെ ആദാമിന്റെ തുറക്കപ്പെട്ട പാർശ്വത്തിൽനിന്നും എടുത്ത വാരിയെല്ല് മുൻകുറിക്കുന്നു (എബ്രാ. 7:16; യോഹ. 19:32-33, 36; പുറ. 12:46; സങ്കീ. 34:20):
   a. ക്രിസ്തുവിന്റെ പാർശ്വത്തിൽനിന്ന് രക്തവും വെള്ളവും വന്നു, എന്നാൽ ആദാമിന്റെ പാർശ്വത്തിൽനിന്ന് പുറത്തുവന്നത് രക്തംകൂടാതെയുള്ള വാരിയെല്ലായിരുന്നു.
   b. ഇതിനുള്ള കാരണം, അവിടെ പാപമില്ലാതിരുന്നതുകൊണ്ട് ആദാമിന്റെ സമയത്ത് രക്തം മുഖാന്തരമുള്ള വീണ്ടെടുപ്പിന്റെ ആവശ്യമില്ലായിരുന്നു; ക്രിസ്തു ക്രൂശിൽ "ഉറങ്ങുകയായിരുന്ന" സമയത്ത് പാപം എന്ന പ്രശ്നം ഉണ്ടായിരുന്നു; അങ്ങനെ, ക്രിസ്തുവിന്റെ പാർശ്വത്തിൽനിന്നു പുറപ്പെട്ട രക്തം നമ്മുടെ നൈതിക വീണ്ടെടുപ്പിനു വേണ്ടിയായിരുന്നു.
   c. രക്തത്തെത്തുടർന്ന്, നമ്മുടെ ജൈവിക രക്ഷയ്ക്കുവേണ്ടി ദൈവത്തിന്റെ ഒഴുകുന്ന ജീവനായ ജലം പുറപ്പെട്ടു (പുറ. 17:6; 1 കൊരി. 10:4; സംഖ്യാ. 20:8); ഈ ദിവ്യമായ, ഒഴുകുന്ന സൃഷ്ടിക്കപ്പെടാത്ത ജീവൻ ആദാമിന്റെ പാർശ്വത്തു നിന്നെടുത്ത വാരിയെല്ലിനാൽ മുൻകുറിക്കപ്പെടുന്നു (റോമ. 5:10).
2. ഹവ്വാ സൃഷ്ടിക്കപ്പെട്ടു എന്നല്ല, അവൾ പണിയപ്പെട്ടു എന്ന് ഉല്പത്തി 2:22 പറയുന്നു; ആദാമിന്റെ പാർശ്വത്തുനിന്നും എടുത്ത വാരിയെല്ലുകൊണ്ട് ഹവ്വയെ പണിതത് ക്രൂശിലെ തന്റെ മരണത്തിലൂടെ ക്രിസ്തുവിൽനിന്ന് വിടുവിക്കപ്പെടുകയും അവന്റെ പുനരുത്ഥാനത്തിൽ തന്റെ വിശ്വാസികളിലേക്ക് പകരപ്പെടുകയും ചെയ്ത പുനരുത്ഥാനജീവനെക്കൊണ്ടുള്ള സഭയുടെ കെട്ടുപണിയെ മുൻകുറിക്കുന്നു—യോഹ. 12:24; 1 പത്രൊ. 1:3.
3. യഥാർഥ ഹവ്വാ എന്ന നിലയിൽ സഭ തന്റെ എല്ലാ വിശ്വാസികളിലുമുള്ള ക്രിസ്തുവിന്റെ ആകത്തുകയാണ്; സഭ ക്രിസ്തുവിന്റെ പുനരുല്പാദനമാണ്; ക്രിസ്തുവിന്റെ മൂലകമല്ലാതെ, മറ്റൊരു മൂലകവും സഭയിൽ ഉണ്ടായിരിക്കരുത്—ഉല്പ. 5:2.

H. തന്റെ പുനരുത്ഥാന ജീവനോടുകൂടെ ക്രിസ്തുവിൽനിന്ന് വരുന്നതിനു മാത്രമേ അവന്റെ മണവാട്ടിയായ അവന്റെ പരിപൂരകമാകുവാൻ കഴിയുകയുള്ളൂ (1 കൊരി. 12:12; എഫെ. 2:6; 5:28-30); സഭ ക്രിസ്തുവിൽനിന്നുള്ള നിർമലമായ ഒരു ഉല്പന്നമാണ്; സഭ "ക്രിസ്തുമയം", "പുനരുത്ഥാനമയം", സ്വർഗീയം, ആണ്.

I. ആദാമും ഹവ്വയും ഒന്നായിരുന്നുകൊണ്ട്, ഭാര്യാഭർത്താക്കന്മാരായി ഒരുമിച്ച് ഒരു വിവാഹജീവിതം നയിച്ചു (ഉല്പ. 2:24-25); പുതിയ യെരൂശലേമിൽ, സാർവത്രിക ഭർത്താവായ പ്രക്രിയാവിധേയനും

പരിണതിപ്രാപിച്ചവനുമായ ത്രിയേകദൈവം തന്റെ ഭാര്യയെന്ന നിലയിൽ വീണ്ടെടുക്കപ്പെട്ടതും, വീണ്ടുംജനിപ്പിക്കപ്പെട്ടതും, രൂപാന്തരപ്പെട്ടതും, തേജസ്കരിക്കപ്പെട്ടതുമായ മനുഷ്യത്വത്തോടുകൂടെ എന്നേക്കും ഒരു വിവാഹജീവിതം നയിക്കുമെന്ന് ഇത് ചിത്രീകരിക്കുന്നു (വെളി. 22:17a).

J. അന്തമില്ലാത്ത നിത്യതയിൽ, ദിവ്യവും, നിത്യവും, കവിയുന്ന മഹത്വപൂർണവുമായ ജീവനാൽ, അവർ ദൈവവും മനുഷ്യനും ഏകാത്മാവായി ഇഴുകിച്ചേർന്ന ഒരു ജീവിതം, അത്യുൽകൃഷ്ടവും അനുഗ്രഹങ്ങളും സന്തോഷവുംകൊണ്ട് കവിഞ്ഞൊഴുകുന്നതായ ഒരു ജീവിതം, നയിക്കും.

ദൂത് മൂന്ന്

## മണവാട്ടിയുടെ പക്വത

തിരുവെഴുത്ത് വായന: വെളി. 19:6-9; യോഹ. 3:29; യാക്കോ. 5:7;

മത്താ. 5:48; കൊലൊ. 1:28-29; 3:10-11

**I. യവനഭാഷയിൽ *പക്വത* എന്ന വാക്കിന്റെ അർഥം "അവസാന ഘട്ടത്തിൽ" എന്നാണ്:**

A. രൂപാന്തരപ്പെടുകയെന്നാൽ നമ്മുടെ സ്വാഭാവിക ജീവനിൽ ചയാപചയമായ മാറ്റമുണ്ടാകുക എന്നാണ്; പക്വത പ്രാപിക്കുകയെന്നാൽ നമ്മെ മാറ്റുന്ന ദിവ്യജീവനാൽ നിറഞ്ഞിരിക്കുക എന്നാണ്—എബ്രാ. 6:1; കൊലൊ. 4:12; റോമ. 12:2; 2 പത്രൊ. 1:3.

B. രൂപാന്തരത്തിന്റെ അവസാന ഘട്ടം ജീവന്റെ നിറവായ പക്വതയാണ്—വാ. 4.

C. പക്വതയുള്ള ഒരു വിശ്വാസി ക്രിസ്തുവിന്റെ ശരീരത്തിനുവേണ്ടി കരുതുന്നവനും അതിനെ അറിയുന്നവനും ശരീരബോധമുള്ളവനും, ശരീര-കേന്ദ്രീകൃതനുമാണ്—1 കൊരി. 12:16, 18-19, 21, 24.

**II. പുതിയനിയമത്തിൽ, പക്വത എന്ന പദം വീണ്ടുംജനന സമയത്ത് വിശ്വാസികൾ സ്വീകരിച്ച ക്രിസ്തുവിന്റെ ജീവനിൽ അവർ പൂർണ വളർച്ചയും തികവും പ്രാപിക്കുന്നതിനെ പരാമർശിക്കുന്നു—തീത്തൊ. 3:5; 1 പത്രൊ. 1:3, 23; മത്താ. 5:48:**

A. നാം ഒരിക്കലും നമ്മിൽത്തന്നെ സംതൃപ്തരായിരിക്കാതെ ക്രിസ്തുവിന്റെ ജീവനിലുള്ള വളർച്ചയെയും പക്വതയെയും പിൻപറ്റണം—ഫിലി. 3:12, 14.

B. സഹസ്രാബ്ദ രാജ്യത്തിൽ ക്രിസ്തുവിന്റെ പരമമായ ആസ്വാദനത്തിനുവേണ്ടി ക്രിസ്തുവിന്റെ പൂർണാസ്വാദനവും ക്രിസ്തുവിനെ നേടുന്നതും പിൻപറ്റിക്കൊണ്ട് പിന്നിലുള്ളവയെ മറക്കുകയും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും നാം പക്വതയിലേക്ക് നയിക്കപ്പെടുവാൻ മുന്നോട്ട് പോകണം—വാ. 12-15.

C. ആത്മിക ജീവിതത്തിൽ പക്വതയ്ക്കുള്ള മുൻവ്യവസ്ഥ ദിവ്യജീവനിൽ തുടർച്ചയായി വളരുക എന്നതാണ്—എഫെ. 4:15.

D. ക്രിസ്തുവിന്റെ ജീവനിലുള്ള വിശ്വാസികളുടെ വളർച്ചയുടെയും പക്വതയുടെയും ആത്യന്തിക ഫലം പൂർണവളർച്ചയെത്തിയ മനുഷ്യനാണ്—ക്രിസ്തുവിന്റെ ശരീരമായ സഭ ഒരു പക്വതയുള്ള മനുഷ്യനായി വളരുന്നതാണ്—വാ. 13.

**III. ഭൂമിയുടെ വിലയേറിയ ഫലത്തിനായി ദീർഘക്ഷമയോടെ കാത്തിരിക്കുന്ന ഒരു കർഷകന്റെ ദൃഷ്ടാന്തം യാക്കോബ് തന്റെ ലേഖനത്തിൽ ഉപയോഗിക്കുന്നു—5:7:**

A. കർത്താവായ യേശുവാണ് വാസ്തവത്തിൽ യഥാർഥ കർഷകൻ, നിസ്തുലനായ കർഷകൻ—മത്താ. 13:3.

B. കർത്താവിന്റെ വരവിനെ ദീർഘക്ഷമയോടെ നാം കാത്തിരിക്കുമ്പോൾ, യഥാർഥ കർഷകനായ അവൻ തന്റെ വയലിലെ ആദ്യഫലവും വിളവുമായി നമ്മുടെ ജീവനിലുള്ള പക്വതയെ ക്ഷമയോടെ കാത്തിരിക്കുന്നു—വെളി. 14:4, 14-15.

C. "കർത്താവേ, വേഗം വരേണമേ" എന്ന് നാം പ്രാർഥിക്കുന്നുവെങ്കിൽ, കർത്താവ് ഇങ്ങനെ പറഞ്ഞേക്കാം, "നീ എന്റെ വരവിനായി കാത്തിരിക്കുമ്പോൾ, ഞാൻ നിന്റെ പക്വതയ്ക്കായി കാത്തിരിക്കുകയാണ്; നിന്റെ പക്വതയ്ക്ക് മാത്രമേ എന്റെ മടങ്ങിവരവിനെ ത്വരിതപ്പെടുത്തുവാൻ കഴിയുകയുള്ളൂ."

D. കർത്താവിന്റെ മടങ്ങിവരവിനായി കാത്തിരിക്കുന്നതിൽ നാം ഗൗരവമുള്ളവരാണെങ്കിൽ, പക്വതയിങ്കലേക്ക് നാം ജീവനിൽ വളരേണ്ടതാവശ്യമാണെന്ന് മനസ്സിലാക്കുന്നത് നമുക്ക് ഒരു വലിയ സഹായമാണ്.

**IV. പക്വതയുള്ളവരായിരിക്കുന്നത് നമ്മിൽ ക്രിസ്തു പൂർണമായി ഉരുവാകുന്നതാണ്; നാം അവന്റെ സ്വരൂപമായി പൂർണമായി രൂപാന്തരപ്പെട്ടുവെന്നും ഇത് അർഥമാക്കുന്നു—ഗലാ. 4:19; 2 കൊരി. 3:18:**

A. അവന്റെ സ്വരൂപം നമുക്കുണ്ടായിരിക്കത്തക്കവണ്ണം നമ്മുടെ വീണ്ടുംജനന സമയം മുതൽ കർത്താവ് നമ്മിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു—വാ. 18; റോമ. 8:29.

B. കർത്താവ് തന്റെ സ്വരൂപം നമ്മിലേക്ക് പൂർണമായി പണിതുചേർക്കുകയും നമ്മിലൂടെ പൂർണമായി ആവിഷ്കരിക്കപ്പെടുകയും ചെയ്യുമ്പോൾ, നാം ജീവനിൽ പക്വത ഉള്ളവരായിരിക്കും—എഫെ. 3:16-17.

**V. ഉത്തമഗീതം മൂന്നാം അധ്യായം അന്വേഷകയുടെ പക്വതയെ നമുക്ക് കാണിച്ചുതരുകയും, ഇങ്ങനെയുള്ള പക്വത ഇച്ഛയെ കീഴ്പെടുത്തുന്നതിലൂടെ എത്തിച്ചേരുന്നതാണെന്ന് വിശദീകരിച്ചുകൊണ്ട് അധ്യായം 4 തുടരുകയും ചെയ്യുന്നു; അന്വേഷകയുടെ പക്വതയുടെ രഹസ്യം അവളുടെ ഇച്ഛ പൂർണമായി കീഴ്പെടുത്തപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യു എന്നതാണ്—വാ. 4:**

A. ദൈവത്തിൻ കീഴിലുള്ള മനുഷ്യന്റെ ഇച്ഛയെ കഴുത്ത് സൂചിപ്പിക്കുന്നു; നമ്മുടെ ഇച്ഛയുടെ

കീഴ്പെടൽ ഏറ്റവും മനോഹരമായ ഒരു കാര്യമായി കർത്താവ് കണക്കാക്കുന്നു—വാ. 1, 4.

B. നമുക്ക് ഒരു കീഴ്പെടുന്ന ഇച്ഛ ഉണ്ടെങ്കിൽ, നമ്മുടെ ഇച്ഛ എല്ലാത്തരം ആയുധങ്ങളും വഹിക്കുന്ന ദാവീദിന്റെ ഗോപുരം പോലെ ആവിഷ്കരിക്കപ്പെടും:

1. ആദ്യം, നമ്മുടെ ഇച്ഛ കീഴ്പെടുത്തപ്പെടണം; അപ്പോൾ അത് പുനരുത്ഥാനത്തിൽ ശക്തമായിരിക്കുകയും, ദാവീദിന്റെ ഗോപുരം പോലെ ആത്മിക യുദ്ധത്തിനുള്ള ആയുധശാലയായിരിക്കുകയും ചെയ്യും—എഫെ. 6:10.
2. ആത്മിക പോരാട്ടത്തിനുള്ള ആയുധങ്ങൾ നമ്മുടെ കീഴ്പെടുത്തപ്പെട്ടതും ഉയിർപ്പിക്കപ്പെട്ടതുമായ ഇച്ഛയിൽ കാക്കപ്പെടുന്നു—2 കൊരി. 10:3-5.

**VI. പൗലൊസിന്റെ ശുശ്രൂഷയുടെ ലക്ഷ്യം ഏക പുതുമനുഷ്യനുവേണ്ടി ഏതു മനുഷ്യനെയും ക്രിസ്തുവിൽ പക്വതയുള്ളവനായി, പൂർണവളർച്ചയെത്തിയവനായി, നിർത്തുക എന്നതായിരുന്നു—കൊലൊ. 1:28-29; 3:10-11:**

A. കൊലൊസ്സ്യർ 1:28-ലെ "പൂർണ വളർച്ച" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവന പദത്തെ "തികഞ്ഞ," "പൂർണമായ," "പക്വതയുള്ള" എന്നും വിവർത്തനം ചെയ്യാം.

B. പൗലൊസിന്റെ ശുശ്രൂഷ, മറ്റുള്ളവർ ക്രിസ്തുവിൽ പൂർണ വളർച്ചയിങ്കലേക്ക് തികഞ്ഞവരും പൂർണരും ആയിരിക്കത്തക്കവണ്ണം ക്രിസ്തുവിനെ അവർക്ക് പകരുക എന്നതായിരുന്നു,.

**VII. ഉല്പത്തി 37—47 യാക്കോബിന്റെ പക്വതയുടെ പ്രക്രിയയുടെ ഒരു രേഖയാണ്:**

A. ഉല്പത്തി 27-ൽ നാം ഒരു ഉപായിയെയും; അധ്യായം 37-ൽ രൂപാന്തരപ്പെട്ട ഒരു മനുഷ്യനെയും; അധ്യായം 47-ന്റെ അവസാനം പക്വതയുള്ള ഒരു വ്യക്തിയെയും നാം കാണുന്നു.

B. രൂപാന്തരത്തിന്റെ അവസാന ഘട്ടം ജീവന്റെ നിറവായ പക്വതയാണ്:

1. ദൈവത്തിന്റെ നിത്യോദ്ദേശ്യം നമ്മുടെ രൂപാന്തരത്തിലൂടെയും പക്വതയിലൂടെയും മാത്രമേ നിവർത്തിക്കപ്പെടുവാൻ കഴിയുകയുള്ളൂ—1:26; കൊലൊ. 1:28; 2:19.
2. പക്വത എന്നത് നമുക്ക് ജീവന്റെ നിറവുണ്ടായിരിക്കുന്നതുവരെ വീണ്ടും വീണ്ടും നമ്മിലേക്ക് ദിവ്യജീവൻ പകരപ്പെടുന്നതിന്റെ വിഷയമാണ്—യോഹ. 10:10.

C. കഴിവിന്റെ വികാസത്തിന്റെ ഒരു വിഷയമാണ് പക്വത—സങ്കീ. 4:1:

1. ജീവനിലുള്ള പക്വത പരിശുദ്ധാത്മാവിന്റെ ശിക്ഷണം സ്വീകരിക്കുന്നതിന്റെ ആകെത്തുകയാണ്—എബ്രാ. 12:5-11.
2. ജീവനിൽ പക്വത പ്രാപിച്ച ഒരു വ്യക്തിയെ മറ്റുള്ളവർ കണ്ടേക്കാം, എന്നാൽ ആ വ്യക്തി വർഷങ്ങളായി അനുദിനം രഹസ്യമായി സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ സഞ്ചിത ശിക്ഷണത്തെ അവർക്ക് കാണുവാൻ കഴിയുകയില്ല—2 കൊരി. 1:8-10; ഉല്പ. 47:7, 10.

D. നമുക്ക് ദൈവത്തെക്കൊണ്ട് നിറയാനുള്ള ഒരു വർധിത കാര്യക്ഷമത ഉണ്ടായിരിക്കത്തക്കവണ്ണം നമ്മെ നിറച്ചിരിക്കുന്ന സകലത്തിൽനിന്നും നമ്മെ ശൂന്യമാക്കുവാനും എല്ലാ മുൻധാരണകളെയും എടുത്തുകളയുവാനും ദൈവം വ്യക്തികളെയും വസ്തുക്കളെയും സംഭവങ്ങളെയും പരമാധികാരത്തോടെ ഉപയോഗിക്കും—ലൂക്കൊ. 1:53; മത്താ. 5:6.

E. നമുക്ക് സംഭവിക്കുന്ന സകലതും നമ്മുടെ രൂപാന്തരത്തിനും പക്വതയ്ക്കും വേണ്ടി ദൈവത്തിന്റെ പരമാധികാരത്തിൻ കീഴിലാണെന്ന് യാക്കോബിന്റെ ജീവിതം വെളിപ്പെടുത്തുന്നു; ഒന്നും യദൃച്ഛികമല്ല:

1. പക്വതയുള്ളവരായിത്തീരുന്നതിന് യാക്കോബ് ആദ്യം തന്റെ ഹൃദയത്തിന്റെ നിധിയായ യോസേഫിന്റെ നഷ്ടം സഹിക്കണമായിരുന്നു—ഉല്പ. 37:31-35.
2. ദൈവം കരുണയുള്ളവനും ഏതു തരം സാഹചര്യത്തിലും തന്റെ ആവശ്യങ്ങൾ സന്ധിക്കുവാൻ മതിയായവനും ആണെന്ന് പക്വതയുള്ള ഒരു വിശ്വാസി പഠിച്ചിട്ടുണ്ട്—43:11, 13-14; 17:1; ഫിലി. 1:19-21a; 4:11-12; പ്ര.നി. 1 തിമൊ. 6:6-8.
3. അവന്റെ ആശ്രയവും വിശ്രമവും മൊത്തത്തിൽ ഇനിമേൽ അവനിൽത്തന്നെയോ അവന്റെ പ്രാപ്തിയിലോ അല്ല, അവന്റെ സർവത്തിനും മതിയായ ദൈവത്തിന്റെ കരുണയിലാണ്—റോമ. 9:16.
4. യാക്കോബിന്റെ പക്വതയുടെ ഏറ്റവും ശക്തമായ അടയാളം അവൻ മറ്റുള്ളവരെ അനുഗ്രഹിച്ചു എന്നതാണ്—ഉല്പ. 47:7, 10; 48:14-16; എബ്രാ. 7:7.

**VIII. പക്വതയുള്ള മണവാട്ടിയാണ് ദൈവഹിതത്തിന്റെയും ദൈവോദ്ദേശ്യത്തിന്റെയും ലക്ഷ്യം—വെളി. 19:7-9:**

A. സംഘാത മണവാട്ടിയുടെ ഒരുക്കം ജയാളികളുടെ ജീവനിലുള്ള പക്വതയെ ആശ്രയിച്ചിരിക്കുന്നു—വാ. 7; എബ്രാ. 6:1; ഫിലി. 3:12-15; എഫെ. 4:13.

B. കുഞ്ഞാടിന്റെ വിവാഹം ക്രിസ്തുവിന്റെ നൈതിക വീണ്ടെടുപ്പിലൂടെയും തന്റെ ദിവ്യജീവനിലുള്ള അവന്റെ ജൈവിക രക്ഷയാലും അവന് സഭ എന്ന മണവാട്ടിയെ നേടുക എന്ന ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ പൂർത്തീകരണത്തിന്റെ ഫലമാണ്—ഉല്പ. 2:22; റോമ. 5:10; വെളി. 19:7-9; 21:2.

C. യോഹന്നാന്റെ സുവിശേഷത്തിൽ, പാപത്തെ നീക്കിക്കളയുവാൻ വന്ന കുഞ്ഞാടായും മണവാട്ടി

ഉണ്ടായിരിക്കുവാൻ വന്ന മണവാളനായും ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു—3:29.

D. ക്രിസ്തുവിന്റെ ലക്ഷ്യം പാപത്തെ നീക്കിക്കളയുന്നതല്ല; അത് മണവാട്ടി ഉണ്ടായിരിക്കുന്നതിനാണ്:

1. വെളിപ്പാട് പുസ്തകത്തിൽ, ക്രിസ്തു കുഞ്ഞാടും വരാനിരിക്കുന്ന മണവാളനുമാണെന്ന് നാം കാണുന്നു; അതുകൊണ്ട്, മണവാളനെന്ന നിലയിൽ, അവന് ഒരു വിവാഹം ഉണ്ടായിരിക്കണം—19:7-9.
2. കുഞ്ഞാടിന്റെ വിവാഹം ഒരു സാർവത്രിക വിവാഹമായിരിക്കും; അത് വീണ്ടെടുപ്പുകാരന്റെയും വീണ്ടെടുക്കപ്പെട്ടവരുടെയും വിവാഹമായിരിക്കും.
3. ക്രിസ്തു മണവാളനായി വരുന്നു, നാം മണവാട്ടിയായി പോകുന്നു.

E. വളരെ നിർണായകമായ ഒരു കാര്യം മണവാട്ടിയുടെ ഒരുക്കമാണ്—വാ. 7:

1. വെളിപ്പാട് 19:8-ഉം 9-ഉം അനുസരിച്ച്, ക്രിസ്തുവിന്റെ മണവാട്ടിയായ കാന്തയിൽ സഹസ്രാബ്ദകാലത്തിലെ ജയാളികളായ വിശ്വാസികൾ മാത്രമാണ്.
2. മണവാട്ടിയുടെ ഒരുക്കം, വേറിട്ട വ്യക്തികളല്ലാത്ത സംഘാത മണവാട്ടിയായ ജയാളികളുടെ ജീവനിലുള്ള പക്വതയെ ആശ്രയിച്ചിരിക്കുന്നു.
3. വെളിപ്പാട് 19:6-ൽ വലിയ പുരുഷാരത്തിന്റെ ശബ്ദം പ്രഖ്യാപിക്കുന്നു:, "ഹല്ലേലൂയ്യാ! സർവശക്തനായ നമ്മുടെ ദൈവമായ കർത്താവ് വാഴുന്നു":
   a. ദൈവത്തിന്റെ വാഴ്ച, രാജ്യം, കുഞ്ഞാടിന്റെ വിവാഹത്തോട് ബന്ധപ്പെട്ടിരിക്കുന്നു.
   b. വിവാഹത്തിന് വിളിക്കപ്പെട്ട എല്ലാ അതിഥികളും മണവാളന്റെ സംഘാത മണവാട്ടിയും സഹരാജാക്കന്മാരുമായിരിക്കും എന്നുള്ളതുകൊണ്ട് വിവാഹം കർത്താവിന്റെ വാഴ്ചയെ, രാജ്യത്തെ, കൊണ്ടുവരും; അവന്റെ എല്ലാ സഹരാജാക്കന്മാരും അവന്റെ സംഘാത മണവാട്ടിയായിരിക്കും.
   c. ജയാളികൾക്ക്, സഹസ്രാബ്ദ രാജ്യത്തിന്റെ ആയിരം വർഷം ഒരു വിവാഹ വിരുന്നായിരിക്കും.
   d. വിവാഹ വിരുന്നിന് ക്ഷണിക്കപ്പെട്ട എല്ലാവരും രാജാക്കന്മാരായി ആയിരം വർഷത്തെ വാഴ്ചയിൽ പങ്കെടുക്കും.
   e. ജയാളികൾക്ക്, ക്രിസ്തുവിനോടുകൂടെ രാജ്യത്തിൽ വാഴുന്നത് വിവാഹ വിരുന്നായിരിക്കും—വാ. 9.

ദൂത് നാല്

## മണവാട്ടിയുടെ സൗന്ദര്യം

തിരുവെഴുത്ത് വായന: റോമ. 6:19, 22; എഫെ. 5:25-27; വെളി. 19:7-9; 1 തെസ്സ. 5:23; ഉത്ത. 8:13-14

I. **സ്വഭാവപരമായ വിശുദ്ധീകരണത്തിന്റെ പ്രക്രിയ എന്നത് ക്രിസ്തുവിനു വേണ്ടി മനോഹവും വിശുദ്ധവും മഹത്വപൂർണവുമായ മണവാട്ടിയായിത്തീരുന്നതിന് നമ്മുടെ സൗന്ദര്യവൽക്കരണമെന്ന നിലയിൽ നമ്മുടെ ജൈവിക രക്ഷയുടെ പ്രക്രിയയാണ്— 1 തെസ്സ. 4:3; 1 പത്രൊ. 1:15-16; എഫെ. 1:4-5; 5:25-27; 1 തെസ്സ. 5:23-24; റോമ. 6:19, 22:**

A. ക്രിസ്തുവിനെ മൂന്ന് ഘട്ടങ്ങളിലായി നമുക്ക് മുന്നിൽ അവതരിപ്പിക്കുന്നതിലൂടെ എഫെസ്യർ 5:25-27 ദൈവത്തിന്റെ സമ്പൂർണ രക്ഷയുടെ പൂർണത വെളിപ്പെടുത്തുന്നു:

1. ഭൂതകാലത്തിൽ, നമ്മുടെ <u>നൈതിക വീണ്ടെടുപ്പിനുവേണ്ടി</u> ക്രിസ്തു <u>വീണ്ടെടുപ്പുകാരൻ</u> എന്ന നിലയിൽ സഭയ്ക്കുവേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുത്തു—"ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ"—വാ. 25.

2. വർത്തമാനകാലത്ത്, സഭ തന്റെ നേരിണയായിത്തീരേണ്ടതിന് ക്രിസ്തു <u>ജീവൻ നൽകുന്ന ആത്മാവായി</u>, സഭയെ തന്റെ മൂലകത്താൽ സാന്ദ്രീകരിച്ച്, സ്വഭാവപരമായി വിശുദ്ധീകരിക്കുന്നു; ഇത് "അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിന്" <u>മണവാട്ടിയുടെ സൗന്ദര്യവൽക്കരണവും മണവാട്ടിയുടെ ഒരുക്കവുമായ ജൈവിക രക്ഷയാണ്</u>—വാ. 26.

3. ഭാവിയിൽ,<u>മണവാളനെന്ന</u> നിലയിൽ ക്രിസ്തു തന്റെ സംതൃപ്തിക്കായി സഭയെ തന്റെ നേരിണയായി തനിക്കുതന്നെ മുൻനിർത്തും—"കറ, ചുളുക്കം മുതലായ യാതൊന്നുമില്ലാതെ, അവൾ വിശുദ്ധയും നിഷ്കളങ്കയും ആകേണ്ടതിന്, അവൻ സഭയെ മഹത്വപൂർണമായി തനിക്കുതന്നെ മുൻനിർത്തേണ്ടതിനും ആകുന്നു"—ഇത് <u>മണവാട്ടിയെ മുൻനിർത്തേണ്ടതിനുള്ള നമ്മുടെ തേജസ്കരണമാണ്</u>—വാ. 27.

4. ഭൂതകാലത്തിൽ, ക്രിസ്തു സഭയ്ക്കുവേണ്ടി തന്നെത്തന്നെ ഏൽപ്പിച്ചു കൊടുത്തു; വർത്തമാനകാലത്ത്, അവൻ സഭയെ വിശുദ്ധീകരിക്കുന്നു; ഭാവിയിൽ, തന്റെ സംതൃപ്തിക്കായി അവൻ സഭയെ തന്റെ നേരിണയായി തനിക്കുതന്നെ മുൻനിർത്തും; അതിനാൽ, അവൻ സഭയെ സ്നേഹിക്കുന്നത് അവളെ വിശുദ്ധീകരിക്കുന്നതിനാണ്, അവൻ സഭയെ വിശുദ്ധീകരിക്കുന്നത് സഭയെ മഹത്വപൂർണമായി തനിക്കുതന്നെ മുൻനിർത്തേണ്ടതിനാണ്.

B. സഭയിലൂടെ ആവിഷ്കരിക്കപ്പെടുവാനുള്ള മണാട്ടിയുടെ സൗന്ദര്യം വരുന്നത്, സഭയിലേക്ക് പണിതുചേർക്കപ്പെടുകയും സഭയിൽനിന്ന് വിളങ്ങുകയും ചെയ്യുന്ന സാക്ഷാൽ ക്രിസ്തുവിൽ നിന്നാണ്—യെശ. 43:7; എഫെ. 3:21.

C. ക്രിസ്തു തന്റെ ജനത്തിന്റെ ശേഷിപ്പിന് മഹത്വത്തിന്റെ കിരീടവും സൗന്ദര്യത്തിന്റെ മകുടവുമാണ്—യെശ. 28:5:

1. ഒരു കിരീടം ഒരു തൊപ്പിയോ തലപ്പാവോ പോലെയാണ്, അതേസമയം കിരീടത്തിന്റെ ഏറ്റവും മനോഹരവും മഹത്വമുള്ളതുമായ ഭാഗമായ തലക്കെട്ടാണ് മകുടം—പുറ. 28:36-39; 29:6; യെശ. 62:3.

2. അവൻ നമ്മുടെ സൗന്ദര്യത്തിന്റെ മകുടമായിരുന്നുകൊണ്ട് അവന്റെ സുന്ദരിയായ മണവാട്ടിയായിത്തീരുവാൻ, നാം കർത്താവിനാൽ സൗന്ദര്യവൽക്കരിക്കപ്പെട്ട്, തേജസ്സിൽനിന്ന് തേജസ്സിലേക്ക് രൂപാന്തരപ്പെടേണ്ടതിന്, കർത്താവിന്റെ സൗന്ദര്യത്തിന്റെ ഭവനമായ സഭയിൽ നാം അവന്റെ സൗന്ദര്യത്തെ നിരന്തരം നോക്കണം—2 കൊരി. 3:18; വെളി. 19:7-9; യെശ. 28:5; സങ്കീ. 27:4; യെശ. 60:1, 7, 9, 13, 19; 62:3; വെളി. 21:11.

II. **നമ്മെ അവന്റെ മഹത്വപൂർണമായ മണവാട്ടിയാകാൻ ഒരുക്കുക എന്നതാണ് കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ പ്രാധമിക വേല; എഫെസ്യർ 5:26-ൽ പറഞ്ഞിരിക്കുന്ന തുടർച്ചയായ, സ്വഭാവപരമായ വിശുദ്ധീകരണം കൂടാതെ, മണവാട്ടി ഒരുക്കപ്പെടുവാൻ മറ്റൊരു മാർഗവുമില്ല, അതിനാൽ, വെളിപാട് 19:7-9 നിവൃത്തിയാകുവാനും വേറൊരു മാർഗവുമില്ല:**

A. തന്റെ വചനത്തിലെ ജലത്തിന്റെ കഴുകലാൽ നമ്മെ ശുദ്ധീകരിക്കുന്ന ജീവൻ നൽകുന്ന ആത്മാവായ ക്രിസ്തുവിനാൽ വിശുദ്ധീകരിക്കപ്പെടുന്ന പ്രക്രിയയിലൂടെ സഭ സൗന്ദര്യവൽക്കരിക്കപ്പെടുന്നു—എഫെ. 5:26-27:

1. ക്രിസ്തുവിന്റെ വചനത്തിൽ ജീവജലമായി ആത്മാവുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു; അവൻ നമ്മോട് സംസാരിക്കുന്ന വചനം ആത്മാവും ജീവനുമാണ്—യോഹ. 6:63.

2. ജീവൻ നൽകുന്ന ആത്മാവെന്ന നിലയിൽ, ക്രിസ്തു സംസാരിക്കുന്ന ആത്മാവാണ്; അവൻ സംസാരിക്കുന്നതെല്ലാം നമ്മെ കഴുകുന്ന വചനമാണ്; ഇത് സ്ഥിര വചനമായ *ലോഗോസിനെയല്ല,* തൽക്ഷണ വചനമായ, കർത്താവ് ഇപ്പോൾ നമ്മോട് സംസാരിക്കുന്ന വചനമായ *റീമയെ* സൂചിപ്പിക്കുന്നു—മത്താ. 4:4; യോഹ. 6:63; വെളി. 2:7; 22:17; പ്ര.നി. യെശ. 6:9-10; മത്താ. 13:14-15; പ്രവ്യ. 28:25-31.

3. ക്രിസ്തുവിന്റെ സംസാരം ആത്മാവാണ്; അവന്റെ സംസാരം ജീവൻ നൽകുന്ന ആത്മാവിന്റെ

സാന്നിധ്യമാണ്—യോഹ. 6:63; എഫെ. 6:17.

4. ജീവൻ നൽകുന്ന ആത്മാവെന്ന നിലയിൽ ഉൾവസിക്കുന്ന ക്രിസ്തു, ആന്തരികമായ രൂപാന്തരം വരുത്തിക്കൊണ്ട് പഴയതിനെ ചയാപചയപരമായി വെടിപ്പാക്കി അതിനെ പുതിയതിനെക്കൊണ്ട് പകരംവയ്ക്കുവാൻ, എപ്പോഴും തൽക്ഷണവും ഇപ്പോഴുള്ളതും ജീവനുള്ളതുമായ ഒരു വചനം സംസാരിക്കുന്നു.

B. നാം അവന്റെ വിശുദ്ധവും മനോഹരവും ദൈവത്തെ ആവിഷ്കരിക്കുന്നതുമായ, കളങ്കമോ ന്യൂനതയോ ഇല്ലാത്ത മണവാട്ടിയാകുവാൻ, അങ്ങനെയുള്ള ഒരു കഴുകലിൻ പ്രക്രിയയിലൂടെ ക്രിസ്തുവിനാൽ സാന്ദ്രീകരിക്കപ്പെടുകയും ക്രിസ്തുവിനാൽ സൗന്ദര്യവൽക്കപ്പെടുകയും ചെയ്യുന്നു—വെളി. 19:7; പ്ര.നി. ഉത്ത. 6:13; 8:13-14.

C. വചനത്തിലെ ജലത്തിന്റെ കഴുകലിനാൽ വെടിപ്പാക്കിക്കൊണ്ട്, ജീവൻ നൽകുന്ന ആത്മാവായ ക്രിസ്തു സഭയെ വിശുദ്ധീകരിക്കുന്നു; ദിവ്യ ആശയമനുസരിച്ച്, ഇവിടെ *ജലം* എന്നത് ഒഴുകുന്ന ജലത്താൽ മുൻകുറിക്കപ്പെടുന്ന ദൈവത്തിന്റെ ഒഴുകുന്ന ജീവനെ സൂചിപ്പിക്കുന്നു (പുറ. 17:6; 1 കൊരി. 10:4; യോഹ. 7:37-39; വെളി. 7:17; 21:6; 22:1, 17); സഭ വിശുദ്ധവും നിഷ്കളങ്കവുമായിരിക്കേണ്ടതിന് നാം ഇപ്പോൾ ഇങ്ങനെയുള്ള ഒരു കഴുകലിൽ പ്രക്രിയയിലാണ്.

D. എഫെസ്യർ 5:26-ൽ *കഴുകൽ* എന്നതിന്റെ യവന പദം അക്ഷരാർത്ഥത്തിൽ *തൊട്ടി* എന്നാണ്; പഴയനിയമത്തിൽ പുരോഹിതന്മാർ ഭൗമിക മാലിന്യം കഴുകിക്കളയുവാൻ തൊട്ടി ഉപയോഗിച്ചു (പുറ. 30:18-21); ദിവസവും രാവിലെയും വൈകുന്നേരവും നാം വേദപുസ്തകത്തിലേക്ക് വന്ന് വചനത്തിലെ ജലത്തിന്റെ തൊട്ടിയാൽ വെടിപ്പാക്കപ്പെടണം.

E. കഴുകൽ പ്രക്രിയയോടുകൂടിയ വചനത്തെക്കുറിച്ച് പറയുമ്പോൾ പൗലൊസ് *റീമാ* എന്ന യവന പദമാണ് ഉപയോഗിക്കുന്നത് (എഫെ. 5:26); ലോഗോസ് എന്നത് വേദപുസ്തകത്തിൽ വസ്തുനിഷ്ഠമായി രേഖപ്പെടുത്തിയിരിക്കുന്ന ദൈവവചനമാണ്; റീമ എന്നത് ഒരു പ്രത്യേക അവസരത്തിൽ നമ്മോട് സംസാരിച്ച ദൈവത്തിന്റെ വചനമാണ് (മർക്കൊ. 14:72; ലൂക്കൊ. 1:35-38; 5:5; 24:1-8).

F. റീമ നമുക്ക് വ്യക്തിപരമായും നേരിട്ടും ചിലത് വെളിപ്പെടുത്തുന്നു; നമ്മൾ എന്തിനോട് ഇടപെടണമെന്നും എന്തിൽനിന്ന് വെടിപ്പാക്കപ്പെടണമെന്നും അത് നമ്മെ കാണിക്കുന്നു (താമ്ര തൊട്ടി പ്രതിഫലിപ്പിക്കാനും തുറന്നുകാട്ടാനും കഴിയുന്ന ഒരു കണ്ണാടിയായിരുന്നു—പുറ. 38:8); നമ്മിൽ ഓരോരുത്തരെയും സംബന്ധിച്ച പ്രധാനപ്പെട്ട കാര്യം ഇതാണ്—ഇന്ന് ദൈവം എന്നോട് തന്റെ വചനം സംസാരിക്കുന്നുണ്ടോ?

G. നാം എല്ലായ്പ്പോഴും വിലമതിക്കുന്ന ഒരു കാര്യം, കർത്താവ് ഇന്നും നമ്മോട് വ്യക്തിപരമായും നേരിട്ടും സംസാരിക്കുന്നതാണ്; ജീവനിലുള്ള യഥാർഥ വളർച്ച നാം ദൈവത്തിൽനിന്ന് വചനം നേരിട്ട് സ്വീകരിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു; നമ്മിലുള്ള അവന്റെ സംസാരത്തിന് മാത്രമേ യഥാർഥ ആത്മിക മൂല്യം ഉള്ളൂ—എബ്രാ. 3:7-11, 15; 4:7; സങ്കീ. 95:7-8.

H. നമ്മുടെ പ്രാർഥനകളുടെ കേന്ദ്രബിന്ദു കർത്താവിന്റെ സംസാരത്തിനായുള്ള നമ്മുടെ വാഞ്ഛയായിരിക്കണം, അത് അവന്റെ നേരിണയായി ഒരു മണവാട്ടി ഉണ്ടായിരിക്കുക എന്ന അവന്റെ ഹൃദയാഭിലാഷത്തിനൊത്തവണ്ണം അവന്റെ നിത്യ വ്യവസ്ഥയുടെ ലക്ഷ്യം നിറവേറ്റാൻ നമ്മെ പ്രാപ്തരാക്കുന്നു—വെളി. 2:7; പ്ര.നി. 1 ശമു. 3:1, 21; ആമോസ് 3:7.

I. വളരെ പ്രായോഗികമായ അർഥത്തിൽ, കർത്താവിന്റെ സാന്നിധ്യം അവന്റെ സംസാരത്തോട് ഒന്നാണ്; അവൻ സംസാരിക്കുമ്പോഴെല്ലാം, നമ്മുടെ ഉള്ളിൽ അവന്റെ സാന്നിധ്യം നാം തിരിച്ചറിയുന്നു; ക്രിസ്തുവിന്റെ സംസാരം ജീവൻ നൽകുന്ന ആത്മാവിന്റെ സാന്നിധ്യമാണ്.

J. നമ്മുടെ പ്രകൃതത്തിലും സഹജസ്വഭാവത്തിലുമുള്ള പഴയ മൂലകത്തെ പരകംവയ്ക്കുന്നതിനായി ഒരു പുതിയ മൂലകം നമ്മിലേക്ക് നിക്ഷേപിക്കുന്നതിന് നമ്മുടെ ഉള്ളിൽ ജീവൻ നൽകുന്ന ആത്മാവെന്ന നിലയിൽ ഉൾവസിക്കുന്ന ക്രിസ്തുവിന്റെ സംസാരം, വെടിപ്പാക്കുന്ന ജലമാണ്; ഈ ചയാപചയ വെടിപ്പാക്കൽ ജീവനിൽ യഥാർഥവും ആന്തരികവുമായ ഒരു മാറ്റത്തിന് കാരണമാകുന്നു, അത് സ്വഭാവപരമായ വിശുദ്ധീകരണത്തിന്റെയും രൂപാന്തരത്തിന്റെയും യാഥാർഥ്യമാണ്.

K. നമ്മുടെ ആത്മാവിൽ ജീവൻ നൽകുന്ന, സംസാരിക്കുന്ന ആത്മാവായ ക്രിസ്തുവിനാൽ നാം സൗന്ദര്യവൽക്കരിക്കപ്പെടണം; ജീവൻ നൽകുന്ന ആത്മാവെന്ന നിലയിൽ കർത്താവ് നമ്മിൽ സംസാരിക്കുന്നതിലൂടെ, നാം അവന്റെ മഹത്വപൂർണമായ സഭയായിത്തീരുന്നു—എഫെ. 5:26-27; വെളി. 2:7.

III. **"കറ, ചുളുക്കം മുതലായ യാതൊന്നുമില്ലാതെ, അവൾ വിശുദ്ധയും നിഷ്കളങ്കയും ആകേണ്ടതിന്" ക്രിസ്തുവിന്റെ മണവാട്ടിയായ സഭ ഒടുവിൽ ഒരു മഹത്വപൂർണമായ സഭ, ദൈവം ആവിഷ്കരിക്കപ്പെടുന്ന ഒരു സഭയായിത്തീരുമെന്ന് എഫെസ്യർ 5:27 വെളിപ്പെടുത്തുന്നു:**

A. നമ്മുടെ ഉള്ളിൽനിന്ന് ക്രിസ്തു പുറത്തേക്ക് പ്രകാശിക്കുന്നതാണ് നമ്മുടെ ഏക സൗന്ദര്യം; നമ്മുടെ ഉള്ളിൽ ക്രിസ്തു വിലമതിക്കുന്നത് അവന്റെ ആവിഷ്കാരമാണ്—സങ്കീ. 50:2; 2 കൊരി. 3:15-18; പ്ര.നി. പുറ. 28:2:

1. "നിന്റെ കണ്ണ് രാജാവിനെ അവന്റെ സൗന്ദര്യത്തോടെ ദർശിക്കും" (യെശ. 33:17); "അപ്പോൾ രാജാവ് നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കും" (സങ്കീ. 45:11).
2. "എന്റെ പ്രിയേ, നീ തിർസ്സാപോലെ സൗന്ദര്യമുള്ളവൾ/ യെരൂശലേംപോലെ മനോഹര/ കൊടികളോടു കൂടിയ സൈന്യം പോലെ ഭയങ്കര"—ഉത്ത. 6:4.

B. മണവാട്ടി ഒരുങ്ങിയിരിക്കുന്നു എന്നതിന്റെ അർഥം അവൾ "ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം" ധരിച്ചിരിക്കുന്നു എന്നാണ്, അത് "വിശുദ്ധന്മാരുടെ നീതികൾ" ആണ് (വെളി. 19:8); ഈ നേരിയ ചണനൂൽ വസ്ത്രമാണ് മണവാട്ടിയുടെ സൗന്ദര്യം.

C. വിവാഹദിനത്തിൽ, ഒരു മണവാളൻ തന്റെ മണവാട്ടിയുടെ കഴിവിനെക്കാൾ അധികം അവളുടെ സൗന്ദര്യത്തിനാണ് പ്രാധാന്യം നൽകുന്നത്; നമ്മുടെ ദൈവമായ, കർത്താവായ യേശു പ്രധാനമായും നമ്മുടെ മനുഷ്യത്വത്തിലൂടെ ആവിഷ്കരിക്കപ്പെടുന്ന അവന്റെ സൗന്ദര്യത്തിനുവേണ്ടിയാണ് കരുതുന്നത്; ക്രിസ്തുവിന്റെ സുന്ദരിയായ മണവാട്ടിയായി അവന് മുൻനിർത്തപ്പെടുവാൻ നമ്മെ ഒരുക്കേണ്ടതിന് നാം ദിനംപ്രതി അവനാൽ സൗന്ദര്യവൽക്കരിക്കപ്പെടേണ്ടതുണ്ട്.

D. കർത്താവിന്റെ വചനത്തെ പ്രാർഥനാ വായന ചെയ്യും ധ്യാനിച്ചുകൊണ്ടും കർത്താവിന്റെ വചനത്തിൽ അവന്റെ സൗന്ദര്യത്തെ നോക്കുവാൻ നാം സമയം കണ്ടെത്തുമ്പോഴെല്ലാം (എഫെ. 6:17-18; സങ്കീ. 119:15), അവൻ നമ്മുടെ സൗന്ദര്യമായിത്തീരുകയും നാം അവന്റെ സൗന്ദര്യത്തിന്റെ ഭവനമായിത്തീരുവാൻ അവനാൽ സൗന്ദര്യവൽക്കരിക്കപ്പെടുകയും ചെയ്യുന്നു, അങ്ങനെ അവനും സൗന്ദര്യവൽക്കരിക്കപ്പെടുന്നു (27:4; 2 കൊരി. 3:18; യെശ. 60:7, 9, 13, 19, 21).

E. എഫെസ്യർ 5:26-ലെ വചനത്തിലെ ജലത്തിന്റെ കഴുകൽ പ്രധാനമായും കറകളോടും ചുളിവുകളോടും ഇടപെടുന്നു; കറകൾ സ്വാഭാവിക ജീവന്റേതായ ചിലതിനെ സൂചിപ്പിക്കുന്നു, ചുളിവുകൾ പഴമയോട് ബന്ധപ്പെട്ടിരിക്കുന്നു; ജീവജലത്തിന് മാത്രമേ അത്തരം പോരായ്മ ജീവന്റെ രൂപാന്തരത്തിലൂടെ ചയാപചയമായി കഴുകിക്കളയാൻ സാധിക്കൂ.

F. വിശുദ്ധയായിരിക്കുക എന്നാൽ ക്രിസ്തുവിനാൽ സാന്ദ്രീകരിക്കപ്പെടുകയും രൂപാന്തരപ്പെടുകയും ചെയ്യുന്നതാണ്, നിഷ്കളങ്കയായിരിക്കുക എന്നാൽ കറയും ചുളുക്കവും ഇല്ലാതെ, നമ്മുടെ പഴയ മനുഷ്യന്റെ സ്വാഭാവിക ജീവന്റേതായ യാതൊന്നും ഇല്ലാതെ ഇരിക്കുന്നതാണ്—പ്ര.നി. ഉത്ത. 4:7.

G. കൂടാതെ, സഭയ്ക്ക് "മുതലായ യാതൊന്നും" ഉണ്ടായിരിക്കുകയില്ല, അതായത് അവൾക്ക് "ഇത്തരത്തിലോ അത്തരത്തിലോ ഉള്ളതായ ന്യൂനത" ഉണ്ടായിരിക്കുകയില്ല; ഒരു തരത്തിലും സഭയ്ക്കെതിരെ ഒന്നും പറയാൻ കഴിയാത്ത ഒരു സ്ഥിതിയിലേക്ക് ദൈവം സഭയെ കൊണ്ടുവരും—എഫെ. 5:27.

IV. **എഫെസ്യർ 5:26-27 ഉത്തമഗീതം 8:13-14-നോട് പൊരുത്തപ്പെടുന്നു; രണ്ടും വെളിപ്പെടുത്തുന്നത് നമ്മോടുള്ള കർത്താവിന്റെ സംസാരിക്കുന്നതിലൂടെയാണ് അവന്റെ രണ്ടാം വരവിനായുള്ള വാഞ്ഛയോടുകൂടെ നാം അവന്റെ മഹത്വപൂർണയായ മണവാട്ടിയാകാൻ ഒരുക്കപ്പെടുന്നത് എന്നാണ്—"ഉദ്യാനനിവാസിനിയേ/ സഖിമാർ നിന്റെ സ്വരം ശ്രദ്ധിച്ചു കേൾക്കുന്നു;/ അത് എന്നെയും കേൾപ്പിക്കേണമേ/ എന്റെ പ്രിയാ/ നീ പരിമളപർവതങ്ങളിലെ ചെറുമാനിനും കലക്കുട്ടിക്കും തുല്യനായി ഓടിപ്പോക":**

A. ഉത്തമഗീതത്തിൽ ക്രിസ്തുവിന്റെ പ്രണയിനിയായ അന്വേഷക, തന്റെ ഉദ്യാനങ്ങളെന്ന നിലയിൽ വിശ്വാസികളിൽ വസിക്കുന്നവനോട്, തന്റെ സഖിമാർ അവന്റെ ശബ്ദം കേൾക്കുമ്പോൾ, തന്നെയും കേൾപ്പിക്കേണമേ എന്ന് അപേക്ഷിക്കുന്നു—8:13; പ്ര.നി. 4:13-16; 5:1; 6:2:

1. ക്രിസ്തുവിന്റെ പ്രണയിനികളായ നാം നമ്മുടെ പ്രിയനുവേണ്ടി ചെയ്യുന്ന വേലയിൽ, എപ്പോഴും അവനെ ശ്രദ്ധിച്ചുകൊണ്ട് അവനുമായുള്ള കൂട്ടായ്മ നാം നിലനിർത്തണമെന്ന് ഇത് സൂചിപ്പിക്കുന്നു—ലൂക്കൊ. 10:38-42.
2. നമ്മുടെ ജീവിതം കർത്താവിന്റെ വാക്കുകളെയും, നമ്മുടെ വേല അവന്റെ കല്പനകളെയും ആശ്രയിച്ചിരിക്കുന്നു (വെളി. 2:7; 1 ശമു. 3:9-10; പ്ര.നി. യെശ. 50:4-5; പുറ. 21:6); കർത്താവിന്റെ വാക്കുകളെ കൂടാതെ നമുക്ക് നമ്മുടെ രാജാവ് (യെശ. 6:1, 5), നമ്മുടെ കർത്താവ് (2 കൊരി. 5:14-15), നമ്മുടെ തല (കൊലൊ. 2:19), നമ്മുടെ ഭർത്താവ് (2 കൊരി. 11:2) എന്നീ നിലകളിൽ ക്രിസ്തുവിനെ സംബന്ധിച്ച വെളിപാടോ, വെളിച്ചമോ, വ്യക്തിപരമായ അറിവോ ഉണ്ടായിരിക്കുകയില്ല; വിശ്വാസികളുടെ ജീവിതം പൂർണമായും കർത്താവിന്റെ സംസാരത്തെ ആശ്രയിച്ചിരിക്കുന്നു (എഫെ. 5:26-27).

B. ഈ കാവ്യഗ്രന്ഥമായ ഉത്തമഗീതത്തിന്റെ സമാപന പ്രാർഥനയിൽ, ക്രിസ്തുവിന്റെ പ്രണയിനി തന്റെ പ്രിയൻ അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയിൽ (ചെറുമാനും കലക്കുട്ടിയും) മടങ്ങിവന്ന് മുഴുവൻ ഭൂമിയെയും നിറയ്ക്കുന്ന അവന്റെ രമണീയവും മനോഹരവുമായ രാജ്യം (പരിമളപർവതങ്ങൾ) സ്ഥാപിക്കാൻ ഓടിപ്പോക എന്ന് പ്രാർഥിക്കുന്നു—8:14; വെളി. 11:15; ദാനീ. 2:35:

1. വിശുദ്ധ തിരുവെഴുത്തുകളുടെ സമാപന വചനമെന്ന നിലയിൽ, ക്രിസ്തുവിന്റെ ഒരു പ്രണയിനിയായ യോഹന്നാന്റെ പ്രാർഥന തന്റെ ദിവ്യപ്രണയത്തിൽ ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ച ദൈവത്തിന്റെ നിത്യ വ്യവസ്ഥ വെളിപ്പെടുത്തുന്നതുപോലെ, അത്തരമൊരു പ്രാർഥന തങ്ങളുടെ വൈവാഹിക പ്രണയത്തിൽ മണവാളനായ ക്രിസ്തുവും മണവാട്ടിയായ അവന്റെ പ്രണയിനികളും തമ്മിലുള്ള ഐക്യത്തെയും സംസർഗത്തെയും ചിത്രീകരിക്കുന്നു—വെളി. 22:20.
2. "കർത്താവായ യേശുവേ, വരേണമേ!" എന്നത് വേദപുസ്തകത്തിലെ അവസാനത്തെ പ്രാർഥനയാണ് (വാ. 20); മുഴുവൻ വേദപുസ്തകവും കർത്താവിന്റെ വരവിനായുള്ള വാഞ്ഛയെ ഒരു പ്രാർഥനയായി പ്രകടമാക്കിക്കൊണ്ട് ഉപസംഹരിക്കുന്നു.

ദൂത് അഞ്ച്

## മണവാട്ടിയുടെ നീതി

തിരുവെഴുത്ത് വായന: വെളി. 19:7-9; മത്താ. 5:20; 6:33; 22:2; 2 കൊരി. 5:21; 1 യോഹ. 1:7, 9; വെളി. 15:3

**I. ദൈവത്തിന്റെ നീതി എന്നത് ന്യായത്തോടും നീതിയോടുമുള്ള ബന്ധത്തിൽ തന്റെ പ്രവൃത്തിയിൽ ദൈവം താൻ ആയിരിക്കുന്നതാണ്—വെളി. 15:3; റോമ. 1:16-17; യോഹ. 3:16; 1 യോഹ. 1:9:**

A. നമ്മുടെ ക്രിസ്ത്യാനുഭവം ദൈവത്തിന്റെ നീതിയുടെ അടിസ്ഥാനത്തിന്മേൽ നിലകൊള്ളുന്നു.

B. അടിസ്ഥാനം ദൈവത്തിന്റെ നീതിയാണ്, അത് ദൈവത്തിന്റെ സിംഹാസനത്തിന്റെ ഇളകാത്ത അടിസ്ഥാനമാണ്—സങ്കീ. 89:14.

**II. നീതിയുടെ നിർവചനത്തിന് നാല് വശങ്ങളുണ്ട്:**

A. നീതി എന്നത് ദൈവത്തിന്റെ നീതിപരവും കർക്കശവുമായ ആവശ്യകതകൾക്കൊത്തവണ്ണം വ്യക്തികളോടും വസ്തുക്കളോടും കാര്യങ്ങളോടും ദൈവമുമ്പാകെ നേരുള്ളവരായിരിക്കുന്നതാണ്—മത്താ. 5:20.

B. നീതി എന്നത് ആത്മാവായി നമ്മിൽ വസിക്കുന്ന ക്രിസ്തുവിന്റെ ബാഹ്യമായ ആവിഷ്കാരമാണ്—2 കൊരി. 3:8-9:

1. ഇതാണ് ദൈവത്തിന്റെ സ്വരൂപം എന്ന നിലയിൽ നീതി—എഫെ. 4:24; കൊലൊ. 3:10.
2. നീതിയുടെ ശുശ്രൂഷ കർത്താവിന്റെ സ്വരൂപത്തിന്റെ ശുശ്രൂഷയാണ്—2 കൊരി. 3:9.

C. നീതി ദൈവരാജ്യത്തെ സംബന്ധിച്ച ഒരു വിഷയമാണ്—മത്താ. 6:33; സങ്കീ. 89:14:

1. ദൈവരാജ്യം നീതിയാണ്.
2. നീതി ദൈവത്തിന്റെ ഭരണകൂടത്തോടും, ഭരണനിർവഹണത്തോടും, വാഴ്ചയോടും ബന്ധപ്പെട്ടിരിക്കുന്നു.

D. നീതി എന്നത് നമ്മുടെ ആളത്തത്തിൽ ദൈവത്തോട് നേരുള്ളവരായിരിക്കുന്നതിന്റെ വിഷയമാണ്—2 കൊരി. 5:21:

1. നമ്മുടെ ആളത്തത്തിൽ ദൈവത്തോട് നേരുള്ളവരായിരിക്കുക എന്നാൽ സുതാര്യവും പളുങ്ക് പോലെ തെളിഞ്ഞതുമായ ഒരു ആന്തരിക ആളത്തം, ദൈവത്തിന്റെ മനസ്സിലും ഇച്ഛയിലും ഉള്ള ഒരു ആന്തരിക ആളത്തം ഉണ്ടായിരിക്കുക എന്നാണ്.
2. ഇത് ക്രിസ്തുവിൽ നാം ദൈവത്തിന്റെ നീതിയാകുന്നതിന്റെ വിഷയമാണ്—വാ. 21.

**III. നീതി എന്നത് ദൈവത്തിന്റെ ബാഹ്യമായ ചെയ്തികൾ, വഴികൾ, പ്രവൃത്തികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു—വെളി. 15:3:**

A. ദൈവം ചെയ്യുന്നതെല്ലാം നീതിപരമാണ്—റോമ. 1:16-17.

B. ദൈവം തന്റെ ന്യായത്തിലും നീതിയിലും ആയിരിക്കുന്നതെല്ലാം അവന്റെ നീതിയെ സംരചിക്കുന്നു.

**IV. ദൈവം തന്റെ പുത്രനായ യേശുവിന്റെ രക്തത്തിൽ നീതിമാനാണ്—1 യോഹ. 1:7, 9:**

A. ദൈവം തന്റെ വചനത്തിൽ വിശ്വസ്തനും (വാ. 10) തന്റെ പുത്രനായ യേശുവിന്റെ രക്തത്തിൽ നീതിമാനും ആണ്.

B. അവന്റെ വചനം അവന്റെ സുവിശേഷത്തിന്റെ സത്യവചനമാണ് (എഫെ. 1:13), അത് ക്രിസ്തു നിമിത്തം അവൻ നമ്മുടെ പാപങ്ങൾ ക്ഷമിക്കുമെന്ന് നമ്മോട് പറയുന്നു (പ്രവൃ. 10:43); അവൻ നമ്മുടെ പാപങ്ങൾ ക്ഷമിക്കുവാൻ തക്കവണ്ണം ക്രിസ്തുവിന്റെ രക്തം അവന്റെ നീതിപരമായ ആവശ്യകതകൾ നിറവേറ്റിയിരിക്കുന്നു (മത്താ. 26:28).

C. നമ്മോട് ക്ഷമിക്കുക എന്നാൽ നമ്മുടെ പാപങ്ങളുടെ ലംഘനത്തിൽനിന്ന് നമ്മെ വിടുവിക്കുക എന്നാണ്, അതേസമയം നമ്മെ വെടിപ്പാക്കുക എന്നാൽ നമ്മുടെ അനീതിയുടെ കറയിൽനിന്ന് നമ്മെ കഴുകുക എന്നാണ്.

**V. നീതി ദൈവരാജ്യത്തോട് ബന്ധപ്പെട്ടിരിക്കുന്നു—റോമ. 14:17:**

A. സഭാജീവിതം ദൈവരാജ്യമാണ്, ദൈവരാജ്യം നീതിയാണ്.

B. ദൈവത്തിന്റെ സിംഹാസനം നീതിയെ അടിസ്ഥാനമാക്കി സ്ഥാപിച്ചിരിക്കുന്നു—സങ്കീ. 89:14.

C. ദൈവത്തിന്റെ നീതി ഉള്ളിടത്ത് അവന്റെ രാജ്യവും ഉണ്ട്—യെശ. 32:1; എബ്രാ. 1:8-9.

D. പഴയനിയമത്തിൽ, നീതി പലപ്പോഴും ദൈവരാജ്യത്തിന്റെ പര്യായമാണ്.

E. നീതിയുള്ളിടത്ത് എല്ലാം ശരിയായ രീതിയിൽ തലമപ്പെടുന്നു; ഇതാണ് രാജ്യം.

F. നീതി ആദ്യം ദൈവത്തിന്റെ സ്വരൂപത്തിൽ പരിണമിക്കുന്നു, അതിനുശേഷം നീതി ദൈവരാജ്യം സ്ഥാപിക്കുന്നു:

1. റോമർ 8-ൽ നമുക്ക് നീതിയും ദൈവത്തിന്റെ സ്വരൂപവും ഉണ്ട്.
2. റോമർ 14-ൽ നമുക്ക് നീതിയും ദൈവരാജ്യവും ഉണ്ട്.
3. സ്വരൂപവും രാജ്യവും നീതിയെ അടിസ്ഥാനപ്പെട്ടിരിക്കുന്നു.

G. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും നീതി വസിക്കും എന്നു പറയുന്നതിന്റെ (2 പത്രൊ. 3:13)

അർഥം എല്ലാം ക്രമത്തിലായിരിക്കുകയും, തലമപ്പെട്ടിരിക്കുകയും, നിയന്ത്രിക്കപ്പെട്ടിരിക്കുകയും ചെയ്യും എന്നാണ്.

1. എല്ലാം ഭരിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ശരിയായ ഭരണത്തിൻ കീഴിൽ ആയിരിക്കുകയും ചെയ്യും, കാരണം അവിടെ ദൈവത്തിന്റെ സിംഹാസനം, രാജ്യം, ദിവ്യ ഭരണം ഉണ്ടായിരിക്കും.
2. അതിന്റെ ഫലം സമാധാനവും സന്തോഷവുമായിരിക്കും.

VI. **വെളിപ്പാട് 19:7-8 ൽ മണവാട്ടിയുടെ നീതി നാം കാണുന്നു:**

A. വിശ്വാസികൾക്ക് ക്രിസ്തു നീതിയായിരിക്കുന്നതിന്റെ രണ്ട് വശങ്ങളുണ്ട്:

1. ഒന്നാമത്തെ വശം വിശ്വാസികൾ ദൈവത്തോട് അനുതപിച്ച് ക്രിസ്തുവിലേക്ക് വിശ്വസിക്കുന്ന സമയത്ത് അവർ ദൈവമുമ്പാകെ വസ്തുനിഷ്ഠമായി നീതീകരിക്കപ്പെടുന്നതിന് അവരുടെ നീതിയാകുന്നതിനാണ്—റോമ. 3:24-26; പ്രവൃ. 13:39; ഗലാ. 3:24, 27.
2. രണ്ടാമത്തെ വശം, വിശ്വാസികൾ ദൈവത്താൽ വ്യക്തിനിഷ്ഠമായി നീതീകരിക്കപ്പെടുന്നതിന് അവർക്ക് നൽകപ്പെടുന്ന ക്രിസ്തുവിലുള്ള നീതിയായ ദൈവത്തിന്റെ വെളിവാകൽ എന്ന നിലയിൽ അവരിൽനിന്ന് ജീവിച്ചു വെളിപ്പെടുന്ന വിശ്വാസികളുടെ നീതിയാകുന്നതിനാണ്—റോമ. 4:25; 1 പത്രൊ. 2:24; യാക്കോ. 2:24; മത്താ 5:20; വെളി. 19:8.
3. നമ്മുടെ വസ്തുനിഷ്ഠമായ നീതിയെന്ന നിലയിൽ, ക്രിസ്തുവിലാണ് നാം ദൈവത്താൽ നീതീകരിക്കപ്പെടുന്നത്—റോമ. 3:24, 28; 4:25; 5:1, 9, 16, 18.
4. നമ്മുടെ വ്യക്തിനിഷ്ഠമായ നീതിയെന്ന നിലയിൽ, ദൈവത്താൽ നീതീകരിക്കപ്പെടുവാനും ദൈവത്തിന് എപ്പോഴും സ്വീകാര്യമാകുവാനും കഴിയുന്ന ഒരു ജീവിതം നമുക്കുവേണ്ടി നയിക്കുവാൻ ക്രിസ്തു നമ്മിൽ ഉൾവസിക്കുന്നു—മത്താ. 5:6, 20.

B. വിശുദ്ധന്മാരുടെ വ്യക്തിനിഷ്ഠമായ നീതിയായി അവരിൽനിന്ന് ജീവിച്ചു വെളിപ്പെടുന്ന ക്രിസ്തു അവരുടെ വിവാഹ വസ്ത്രമായിത്തീരുന്നു—വെളി. 19:8:

1. നമ്മുടെ രക്ഷയ്ക്കായി നമുക്ക് ലഭിച്ച നീതി വസ്തുനിഷ്ഠമാണ് അത് നീതിമാനായ ദൈവത്തിന്റെ ആവശ്യകത നിറവേറ്റാൻ നമ്മെ പ്രാപ്തരാക്കുന്നു, അതേസമയം ജയാളികളായ വിശുദ്ധന്മാരുടെ നീതികൾ വ്യക്തിനിഷ്ഠമാണ്, അത് ജയാളിയായ ക്രിസ്തുവിന്റെ ആവശ്യകത നിറവേറ്റാൻ അവരെ പ്രാപ്തരാക്കുന്നു—1 കൊരി. 1:30; ഫിലി. 3:9.
2. മത്തായി 22:11-12-ലെ വിവാഹ വസ്ത്രം, നാം ജീവിച്ചു വെളിപ്പെടുത്തുന്നവനും നമ്മുടെ ദൈനംദിന ജീവിതത്തിൽ നമ്മുടെ കവിയുന്ന നീതിയായി നമ്മിലൂടെ ആവിഷ്കരിക്കപ്പെടുന്നവനുമായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു—5:20; വെളി. 3:4-5, 18.

C. കർത്താവിന്റെ മണവാട്ടി, അവന്റെ ഭാര്യ, "തന്നെത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽവസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു"—19:7-8:

1. വെളിപ്പാട് 19:8 വസ്ത്രത്തെ നീതിയോട് വ്യക്തമായി ബന്ധപ്പെടുത്തിയിരിക്കുന്നു.
2. *നീതികൾ* എന്ന വാക്ക് 8-ാം വാക്യത്തിൽ ബഹുവചനമാണ്, അതിനെ "നീതിപ്രവൃത്തികൾ" എന്നും വിവർത്തനം ചെയ്യാം.
3. നീതികൾ എന്നത് നമ്മുടെ രക്ഷയ്ക്കായി നാം സ്വീകരിച്ച നമ്മുടെ നീതിയായ ക്രിസ്തുവിനെ പരാമർശിക്കുന്നില്ല—1 കൊരി. 1:30.
4. നേരിയ ചണനൂൽ നമ്മുടെ ജയജീവിതത്തെ, നമ്മുടെ ജയിക്കുന്ന ജീവിതത്തെ സൂചിപ്പിക്കുന്നു.
5. നമ്മുടെ ആളത്തത്തിൽനിന്ന് നാം ജീവിച്ചു വെളിപ്പെടുത്തുന്ന ക്രിസ്തുവാണ് നേരിയ ചണനൂൽ.

D. "കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ [ജയാളികളായ വിശുദ്ധന്മാർ] അനുഗൃഹീതർ"—വെളി. 19:9:

1. ഇവിടെ പരാമർശിച്ചിരിക്കുന്ന കുഞ്ഞാടിന്റെ വിവാഹ അത്താഴം മത്തായി 22:2-ലെ വിവാഹ വിരുന്നാണ്.
2. ക്രിസ്തുവിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെടുന്നത് അനുഗ്രഹിക്കപ്പെടുന്നതാണ്.
3. കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെടുന്ന ജയാളികളായ വിശ്വാസികൾ കുഞ്ഞാടിന്റെ മണവാട്ടിയും ആയിരിക്കും—വെളി. 19:7.

ദൂത് ആറ്

## സംഘാത യോദ്ധാവായ മണവാട്ടി

തിരുവെഴുത്ത് വായന: എഫെ. 6:10-20

**I. ദൈവരാജ്യത്തിനുവേണ്ടി ദൈവത്തിന്റെ ശത്രുവിനെതിരെ പോരാടുന്ന ഒരു സംഘാത യോദ്ധാവാണ് മണവാട്ടി എന്ന് എഫെസ്യർ 6:10-20 വെളിപ്പെടുത്തുന്നു:**

A. ക്രിസ്തുവിന്റെ ജയാളിയായ പ്രണയിനി ദൈവത്തിന്റെ വാസസ്ഥലമാകാൻ ദൈവത്തോട് ഒന്നാകുമ്പോൾ, ദൈവത്തിന്റെ ദൃഷ്ടിയിൽ അവൾ തിർസ്സാപോലെ സൗന്ദര്യമുള്ളവളും യെരൂശലേംപോലെ മനോഹരിയും ആകുന്നു; എന്നിരുന്നാലും, ശത്രുവിന് അവൾ കൊടികളോടു കൂടിയ സൈന്യം പോലെ ഭയങ്കരിയാകുന്നു—ഉത്ത. 6:4:

1. കൊടികൾ യുദ്ധത്തിനുള്ള സന്നദ്ധതയെ സൂചിപ്പിക്കുന്നു, അത് വിജയം നേടി എന്നതിന്റെ അടയാളവുമാണ്; ഒരു ഭയങ്കര സൈന്യം കർത്താവിന്റെ ജയാളികൾ ദൈവത്തിന്റെ ശത്രുവായ സാത്താനെ ഭയപ്പെടുത്തുന്നുവെന്ന് സൂചിപ്പിക്കുന്നു.
2. കർത്താവിന്റെ വിളിക്ക് ഉത്തരം നൽകുന്ന ജയാളികളാകേണ്ടതിന് ദൈവജനത്തിന്റെ അധഃപതനത്തിൽ ദൈവരാജ്യത്തിനായുള്ള പോരാട്ടത്തിനുവേണ്ടി ഈ സൈന്യം പോരാടുന്നു (വെളി. 2:7, 11, 17, 26; 3:5, 12, 21); ഒടുവിൽ, ജയാളികൾ ക്രിസ്തുവിനെ വിവാഹം കഴിക്കാൻ സംഘാതമായി ഒരു മണവാട്ടിയായിത്തീരും (19:7-9); അവരുടെ വിവാഹത്തിനുശേഷം, എതിർക്രിസ്തുവിനെ അവന്റെ എല്ലാ അനുയായികളോടും കൂടെ തോൽപ്പിക്കുവാൻ, ഈ മണവാട്ടി തന്റെ ഭർത്താവായ ക്രിസ്തുവിനോടുചേർന്ന് പോരാടുവാൻ ഒരു സൈന്യമായിത്തീരും (വാ. 11-21).

B. ദൈവത്തെ ആവിഷ്കരിക്കുകയും ദൈവത്തിന്റെ ശത്രുവിനോട് ഇടപെടുകയും ചെയ്യുക എന്ന രണ്ടുമടങ്ങ് ഉദ്ദേശ്യം നിറവേറ്റുന്നതിന് ദൈവോദ്ദേശ്യത്തിലുള്ള സംഘാത മനുഷ്യനാണ് മണവാട്ടിയായ സഭ—ഉല്പ. 1:26.

C. ദൈവത്തിന്റെ നിത്യോദ്ദേശ്യം നിറവേറ്റപ്പെടുകയും ക്രിസ്തുവിന്റെ ഹൃദയാഭിലാഷം തൃപ്തമാക്കപ്പെടുകയും ചെയ്യുക മാത്രമല്ല, ദൈവത്തിന്റെ ശത്രു പരാജയപ്പെടുകയും വേണം; ഇതിനായി സഭ ഒരു യോദ്ധാവായിരിക്കണം.

D. നമ്മുടെ നടപ്പ് ദൈവത്തിന്റെ ഉദ്ദേശ്യത്തിന്റെ പൂർത്തീകരണത്തിനു വേണ്ടിയാണ്, നമ്മുടെ ജീവിതം ക്രിസ്തുവിന്റെ സംതൃപ്തിക്കു വേണ്ടിയാണ്, നമ്മുടെ യുദ്ധം ദൈവത്തിന്റെ ശത്രുവിനെ പരാജയപ്പെടുത്തുന്നതിനു വേണ്ടിയാണ്—എഫെ. 4:1; 5:2, 8; 6:10-11.

**II. സഹസ്രാബ്ദത്തിന്റെ സമയത്ത് യേശുവിന്റെ സാക്ഷ്യം—ക്രിസ്തുവിന്റെ സഹരാജാക്കന്മാരായ, ജയാളികളായ—ക്രിസ്തുവിന്റെ മണവാട്ടിയാണ്—വെളി. 19:7-9; 20:4, 6:**

A. കർത്താവിന്റെ പ്രത്യുദ്ധാരം ക്രിസ്തുവിന്റെ മണവാട്ടിയുടെ ഒരുക്കത്തിനുവേണ്ടിയാണ് (19:7-9; 21:2); ആത്യന്തികമായി, നാം അത്ഭുതകരമായ ശൂലേംകാരത്തിയായി അനുരൂപപ്പെടും; ശലോമോന്റെ പകർപ്പായ അവൾ ക്രിസ്തുവിന്റെ നേരിണയായ, മണവാട്ടിയായ, പുതിയ യെരുശലേമിന്റെ ഏറ്റവും വലുതും ആത്യന്തികവുമായ പ്രതീകമാണ് (ഉത്ത. 6:13; വെളി. 21:2, 9-10; 22:17).

B. ശൂലേംകാരത്തിയെ രണ്ട് പാളയങ്ങളുടെ, രണ്ട് സൈന്യങ്ങളുടെ നൃത്തത്തോട് (മൂലഭാഷ. *മഹനയീം*) ഉപമിച്ചിരിക്കുന്നു; യാക്കോബ് ദൈവത്തിന്റെ ദൂതന്മാരെ, ദൈവത്തിന്റെ രണ്ട് സൈന്യങ്ങളെ കണ്ടതിനുശേഷം, താൻ ആയിരുന്ന സ്ഥലത്തിന് മഹനയീം എന്ന് പേരിടുകയും തന്റെ ഭാര്യമാരെയും കുട്ടികളെയും സ്വത്തുക്കളെയും "രണ്ട് സൈന്യങ്ങളായി" വിഭജിക്കുകയും ചെയ്തു—ഉത്ത. 6:13; ഉല്പ. 32:1-10:

1. രണ്ട് സൈന്യങ്ങളുടെയും ആത്മിക പ്രാധാന്യം എന്നത് ക്രിസ്തുവിന്റെ ശരീരത്തിന്റെ തത്വമനുസരിച്ച് നമ്മെ സ്നേഹിച്ചവനിലൂടെ നാം അത്യധികം ജയം നേടുന്നു, നാം "അത്യന്തം ജയിക്കുന്നു" എന്ന ശക്തമായ സാക്ഷ്യമാണ്—റോമ. 8:37; 12:5; ആവ. 32:30; സഭാ. 4:9-12.
2. തങ്ങളിൽത്തന്നെ ശക്തരായവരെ ദൈവത്തിന് ആവശ്യമില്ല; ദുർബലരും ബലഹീനരുമായ സ്ത്രീകളെയും കുട്ടികളെയും മാത്രമാണ് അവന് ആവശ്യം; ജയാളികളാകുവാൻ യോഗ്യരായി എണ്ണപ്പെടുന്നവർ കർത്താവിൽ ആശ്രയിക്കുന്ന ബലഹീനരായിരിക്കും—1 കൊരി. 1:26-28; 2 കൊരി. 12:9-10; 13:3-5; ഉത്ത. 8:6.
3. തന്നോട് ഒന്നായിരിക്കുന്ന ഒരു ജനത്തെ, പിന്നിയ മുടിയാൽ സൂചിപ്പിക്കപ്പെടുന്നതുപോലെ അവന് കീഴ്പ്പെട്ടിരിക്കുന്നതും (1:11), മുത്തുമാലകൊണ്ട് ശോഭിച്ചിരിക്കുന്ന കഴുത്തിനാൽ സൂചിപ്പിക്കപ്പെടുന്നതുപോലെ (വാ. 10) വഴക്കമുള്ള ഇച്ഛാശക്തിയോടുകൂടെ അവനോട് അനുസരണമുള്ളവരായ ഒരു ജനത്തെയാണ് ദൈവത്തിന് ആവശ്യം.
4. ദിവ്യവെളിപാടിന്റെ ഏറ്റവും ഉന്നത ശിഖരത്തിൽ എങ്ങനെ എത്തിച്ചേരാമെന്ന് നാം പരിഗണിക്കുമ്പോൾ, നമ്മെ കരുണയുടെയും മാനത്തിന്റെയും തേജസ്സിന്റെയും പാത്രങ്ങളാക്കാൻ, നാം നമ്മിൽത്തന്നെ ആശ്രയിക്കാതെ, സ്നേഹവും ശക്തിയും കരുണയും എന്ന നിലയിൽ കർത്താവിൽ ആശ്രയിക്കണം—റോമ. 9:16, 21-23.

**III. സാത്താന്റെ ഹിതം ദൈവഹിതത്തിന്റെ ഹിതത്തിന് വിരുദ്ധമായതിനാൽ ആത്മിക യുദ്ധം**

**അനിവാര്യമാണ്—എഫെ. 1:5, 9, 11; മത്താ. 6:10:**

A. ദൈവോദ്ദേശ്യത്തിനും ദൈവഹിതത്തിനും പുറമേ, രണ്ടാമതൊരു ഉദ്ദേശ്യവും ഹിതവും ഉണ്ട്, സാത്താന്യ ഹിതം ദൈവഹിതത്തിന് എതിരെ ഉറപ്പിച്ചിരിക്കുന്നു—യെശ. 14:12-14.

B. എല്ലാ യുദ്ധത്തിനും സാത്താന്റെ ഹിതവും ദൈവത്തിന്റെ ഹിതവും തമ്മിലുള്ള പോരാട്ടം അതിന്റെ ഉറവിടമായുണ്ട്.

C. ദൈവരാജ്യവും സാത്താന്റെ രാജ്യവും തമ്മിലുള്ള യുദ്ധമാണ് ആത്മിക യുദ്ധം; സ്വർഗരാജ്യം സ്ഥാപിക്കപ്പെടുവാൻ, ആത്മിക പോരാട്ടത്തിന്റെ ആവശ്യമുണ്ട്—മത്താ. 12:26, 28; വെളി. 12:11.

D. നാം സത്യത്തിനനുസരിച്ചും കൃപയാലും നടക്കുന്നു, നാം സ്നേഹത്തിലും വെളിച്ചത്തിലും ജീവിക്കുന്നു, സാത്താന്യ ഹിതത്തെ കീഴ്പെടുത്തുവാൻ നാം പോരാടുന്നു—എഫെ. 4:1; 5:2, 8; 6:12.

IV. **ദൈവത്തിന്റെ ശത്രുവിനോട് ഇടപെടുവാൻ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കുകയും ആകാശത്തിലെ സകല ദുഷ്ടാത്മാക്കൾക്കും അത്യന്തംമീതെ സ്വർഗീയങ്ങളിൽ അവനെ ഇരുത്തുകയും ചെയ്ത ശക്തിയുടെ വലിപ്പത്താൽ നാം ശക്തിപ്പെടണം—വാ. 10; 1:19-22:**

A. കർത്താവിൽ നാം ശക്തിപ്പെടണം എന്ന വസ്തുത സൂചിപ്പിക്കുന്നത്, സാത്താനും അവന്റെ ദുഷ്ടരാജ്യത്തിനും എതിരായി ആത്മിക യുദ്ധം ചെയ്യുവാൻ നമ്മിൽത്തന്നെ നമുക്ക് കഴിയില്ല എന്നാണ്; നമുക്ക് കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും മാത്രമേ പോരാടാൻ കഴിയൂ.

B. ശക്തിപ്പെടുവിൻ എന്ന ആജ്ഞ നമ്മുടെ ഹിതത്തെ പ്രയോഗിക്കേണ്ടതിന്റെ ആവശ്യകതയെ പരോക്ഷമായി സൂചിപ്പിക്കുന്നു; ആത്മിക യുദ്ധത്തിനായി നാം ശക്തിപ്പെടണമെങ്കിൽ, നമ്മുടെ ഹിതം ശക്തമായിരിക്കുകയും പ്രയോഗിക്കപ്പെടുകയും വേണം—ഉത്ത. 4:4; 7:4.

V. **സഭയും സാത്താനും തമ്മിലുള്ള യുദ്ധം, കർത്താവിനെ സ്നേഹിക്കുന്നവരും അവന്റെ സഭയിലുള്ളവരുമായ നമ്മളും സ്വർഗീയങ്ങളിലെ ദുഷ്ടശക്തികളും തമ്മിലുള്ള ഒരു പോരാട്ടമാണ്—എഫെ. 6:12:**

A. വാഴ്ചകളും അധികാരങ്ങളും ഈ അന്ധകാരത്തിന്റെ ലോകാധിപതികളും ദൈവത്തിനെതിരായ മത്സരത്തിൽ സാത്താനെ പിന്തുടർന്നവരും ഇപ്പോൾ സ്വർഗീയങ്ങളിൽ ലോക രാഷ്ട്രങ്ങളെ ഭരിക്കുന്നവരുമായ മത്സരികളായ ദൂതന്മാരാണ്—കൊലൊ. 1:13; ദാനീ. 10:20.

B. നമ്മുടെ പോരാട്ടം മനുഷ്യർക്കെതിരെയല്ല, പിന്നെയോ സ്വർഗീയങ്ങളിലെ ആത്മിക ശക്തികളായ ദുഷ്ടാത്മാക്കൾക്കെതിരെയാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

VI. **ആത്മിക യുദ്ധം ഒരു വ്യക്തിഗത വിഷയമല്ല; അത് ക്രിസ്തുവിന്റെ മണവാട്ടി ഒരു സംഘാത യോദ്ധാവായിരിക്കുന്നതിന്റെ വിഷയമാണ്—എഫെ. 6:13:**

A. സഭ ഒരു സംഘാത യോദ്ധാവാണ്, വിശ്വാസികൾ ഒരുമിച്ചുചേർന്ന് ഈ സംഘാത യോദ്ധാവാകുന്നു; നാം സംഘാതമായി ഒരു സൈന്യമായി രൂപപ്പെട്ടുകഴിഞ്ഞാൽ, ദൈവത്തിന്റെ ശത്രുവിനെതിരെ പോരാടാൻ നമുക്ക് കഴിയും.

B. ശത്രുവിനെതിരെ പോരാടുന്നതിന് സഭയെ തന്റെ സൈന്യമായി ഉപയോഗിക്കുക എന്നതാണ് ദൈവത്തിന്റെ തന്ത്രം; ദൈവത്തിന്റെ സൈന്യമായ സഭയിൽനിന്ന് നമ്മെ ഒറ്റപ്പെടുത്തുക എന്നതാണ് സാത്താന്റെ തന്ത്രം.

C. ദൈവത്തിന്റെ സർവായുധവർഗം ശരീരത്തിനു വേണ്ടിയാണ്, വ്യക്തികൾക്കു വേണ്ടിയല്ല; സംഘാത യോദ്ധാവിനു മാത്രമേ ദൈവത്തിന്റെ സർവായുധവർഗം ധരിക്കാൻ കഴിയൂ.

VII. **ആത്മിക യുദ്ധം പോരാടുന്നതിന് നാം ദൈവത്തിന്റെ സർവായുധവർഗം ധരിക്കണം—വാ. 11:**

A. നമ്മുടെ ജീവിതത്തിലെ യാഥാർഥ്യമെന്ന നിലയിൽ ക്രിസ്തുവിലുള്ള ദൈവമാണ് ആത്മിക യുദ്ധത്തിനായി നമ്മുടെ മുഴുവൻ ആളത്തത്തെയും ശക്തിപ്പെടുത്തുന്ന അരക്കച്ച—വാ. 14a.

B. നമ്മുടെ മനസ്സാക്ഷിയെ മയ്ക്കുകയും സാത്താന്റെ ആരോപണങ്ങളിൽനിന്ന് നമ്മെ സംരക്ഷിക്കുകയും ചെയ്യുന്ന നീതിയുടെ മാർകവചം നമ്മുടെ നീതിയായ ക്രിസ്തുവാണ്—വാ. 14b; 1 കൊരി. 1:30.

C. ദൈവവുമായും വിശുദ്ധന്മാരുമായും നമുക്ക് ഒന്നായിരിക്കുവാനുള്ള സമാധാനമാണ് ക്രിസ്തു; ഈ സമാധാനം ശത്രുവിനെതിരെ നിൽക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ഉറച്ച അടിത്തറയാണ്—എഫെ. 2:15; 6:15.

D. ശത്രുവിന്റെ തീയമ്പുകൾക്കെതിരെയുള്ള ഒരു പരിചയാണ് വിശ്വാസം; ക്രിസ്തു അങ്ങനെയുള്ള വിശ്വാസത്തിന്റെ കാരണഭൂതനും തികയ്ക്കുന്നവനുമാണ്—വാ. 16; എബ്രാ. 12:2.

E. നമ്മുടെ മനസ്സിനെ മയ്ക്കുന്ന രക്ഷയുടെ ശിരസ്ത്രം നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം അനുഭവമാക്കുന്ന രക്ഷിക്കുന്ന ക്രിസ്തുവാണ്—എഫെ. 6:17; യോഹ. 16:33.

F. ആത്മാവിന്റെ വാളായ, ആ ആത്മാവെന്ന ദൈവവചനം, നമ്മുടെ ആക്രമണ ആയുധമാണ്, അതിനാൽ നാം ശത്രുവിനെ വെട്ടി കഷ്ണങ്ങളായി മുറിക്കുന്നു—എഫെ. 6:17.

G. ദൈവത്തിന്റെ സർവായുധവർഗത്തെ പ്രയോഗിക്കുവാനുള്ള നിസ്തുലവും നിർണായകവും പ്രധാനവുമായ മാർഗം പ്രാർഥനയാണ്, അത് ആയുധവർഗത്തിലെ ഓരോ കാര്യത്തെയും പ്രായോഗികമായ രീതിയിൽ നമുക്ക് ലഭ്യമാക്കുന്നു—വാ. 18.

VIII. **സർവായുധവർഗം ധരിക്കുന്നതിലൂടെ, പിശാചിന്റെ തന്ത്രങ്ങളോട്, ദുഷ്ട പദ്ധതികളോട് എതിർത്തുനിൽക്കാൻ നമുക്ക് കഴിയുന്നു—വാ. 11, 13-14:**

A. ക്രിസ്തുവിനോടുകൂടെ ഇരിക്കുക എന്നാൽ അവന്റെ എല്ലാ നേട്ടങ്ങളിലും പങ്കുകൊള്ളുക എന്നാണ്, അവന്റെ ശരീരത്തിൽ നടക്കുക എന്നാൽ ദൈവത്തിന്റെ നിത്യോദ്ദേശ്യം നിറവേറ്റുക എന്നാണ്, അവന്റെ ശക്തിയിൽ നിൽക്കുക എന്നാൽ ദൈവത്തിന്റെ ശത്രുവിനെതിരെ പോരാടുക എന്നാണ്—2:6; 4:1; 5:2, 8; 6:11, 13-14.

B. ശത്രുവിനെതിരെയുള്ള പോരാട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം നിൽക്കുന്നതാണ്; സകലതും ചെയ്തശേഷം, നാം അവസാനം വരെ നിൽക്കണം.

IX. **കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഇന്ന് നാം ഒരു യുദ്ധക്കളത്തിലാണെന്ന് നാമെല്ലാവരും കാണണം; ഭൂമിയെ അവകാശമാക്കാൻ ക്രിസ്തു മടങ്ങിവരേണ്ടതിന്, ദൈവരാജ്യം സ്ഥാപിച്ചും പ്രചരിപ്പിച്ചുംകൊണ്ട്, ക്രിസ്തുവിന്റെ ശരീരം കെട്ടുപണിചെയ്യുന്നതിനും ക്രിസ്തുവിന്റെ മണവാട്ടിയുടെ ഒരുക്കത്തിനും വേണ്ടി ക്രിസ്തുവിനെ അധികമായി നേടേണ്ടതിന്, സാത്താന്റെ ആകാശശക്തികൾക്കെതിരെ പോരാടുന്നതിന് നാം കർത്താവിനോടുകൂടെ സഹകരിക്കണം.**